

# അന്നമനട ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം
## പതിനാലാം പഞ്ചവത്സര
## പദ്ധതി രൂപീകരണം
## (2022– 27)

### പദ്ധതി രേഖ 2026–27

# അന്നമനട ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

## പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണം

## (2022-27)

# പദ്ധതിരേഖ 2026-27



രാഷ്ട്രപിതാവ് മഹാത്മജിയുടെ സ്വപ്നമായിരുന്ന 'ഗ്രാമസ്വരാജ്' നടപ്പിലാക്കുന്നതിനായിട്ടാണ് പഞ്ചായത്തിരാജ് സംവിധാനം കൊണ്ടുവന്നത്. ഇതിലൂടെ രാജ്യത്ത് നടപ്പിലാക്കിയ പഞ്ചവത്സര പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമസഭകളിലൂടെ നടപ്പിലാക്കുന്ന സാഹചര്യം പിന്നീട് നിലവിൽ വന്നു. 2005 മുതൽ പ്രാദേശിക വികസന പ്രവൃത്തികൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഉള്ള അവകാശം കേരളത്തിൽ ഓരോ പൗരനും ഇതിലൂടെ സിദ്ധിച്ചിരിക്കുകയാണ്. ഇതിലൂടെ ആസൂത്രണ പ്രവൃത്തികളിൽ താഴെ തട്ടിലുള്ളവരുടെ പങ്കാളിത്തം ഉറപ്പിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ദീർഘകാല പദ്ധതികൾക്കൊപ്പം ഹ്രസ്വകാല പദ്ധതികളും വാർഡ്തലങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഈ കാലഘട്ടത്തിൽ ഇന്നലെകളിൽ നാം നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം കൂടി നടത്തി പദ്ധതികളുടെ മുൻഗണന നിശ്ചയിക്കേണ്ടത് അനിവാര്യമാണ്. പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ ഉപകാരപ്രദമായിരുന്നോ എന്ന് ചിന്തിച്ച് മാറ്റം വരുത്തേണ്ട പദ്ധതികളും പുതിയതായി നടപ്പിലാക്കേണ്ട പദ്ധതികളും സ്ത്രീകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും വയോജന ങ്ങളുടെയും പങ്കാളിത്തം ഉറപ്പു വരുത്തി ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്. സംഘാടക മികവുകൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിൽ ഇതിനോടകം സ്വയം എത്തിച്ചേർന്നവരെയും ചേർത്ത് പിടിച്ചുകൊണ്ട് കക്ഷി - രാഷ്ട്രീയത്തിനതീതമായി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വകുപ്പ് മേധാവികളുടെയും ഉദ്യോഗസ്ഥരുടെയും സഹകരണത്തോടെ പ്രാതിനിധ്യ ജനാധിപത്യത്തിലും പങ്കാളിത്ത ജനാധിപത്യത്തിലും മുന്നേറിയ അന്നമനട എന്ന നമ്മുടെ ഗ്രാമത്തിന്റെ സമ്പൂർണ്ണ വളർച്ചയ്ക്കുതകുന്ന പദ്ധതികൾ ഉൾക്കൊള്ളുന്നതും കാർഷിക മേഖലയ്ക്കും ഉത്പാദന മേഖലയ്ക്കും കലാ-കായിക-വിദ്യാഭ്യാസ മേഖലയ്ക്കും കൂടി ഉതകുന്ന പദ്ധതികൾ വിഭാവനം ചെയ്യുന്ന പദ്ധതിരേഖയാണ് അന്നമനടയിലെ ജനങ്ങളുടെ മുമ്പാകെ സമർപ്പിക്കപ്പെടുന്നത്.

സ്നേഹപൂർവ്വം
സുനിത സജീവൻ
പ്രസിഡന്റ്
അന്നമനട ഗ്രാമപഞ്ചായത്ത്

# അന്നമനട ഗ്രാമപഞ്ചായത്ത് ഭരണസമിതി



ശ്രീമതി സുനിത സജീവൻ
പ്രസിഡന്റ്



ശ്രീ. പി.വി. ജോസ്
വൈസ് പ്രസിഡന്റ്



ശ്രീ. ശരത് മോഹൻ
ചെയർമാൻ
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



ശ്രീമതി സൗമ്യ ജോജി
ചെയർപേഴ്സൺ
വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



ശ്രീമതി ബൽക്കീസ് സലാം
ചെയർപേഴ്സൺ
ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി



ശ്രീ. ടി.കെ. ഗോപി
വാർഡ് 1



ശ്രീമതി ആനി ആന്റു
വാർഡ് 2



ശ്രീമതി ജാൻസി ജോയ്
വാർഡ് 3



ശ്രീ. വേലായുധൻ കണ്ണമ്പിള്ളി
വാർഡ് 5



ശ്രീ. ഹെൽവി വി.എ.
വാർഡ് 6



ശ്രീ. കൃഷ്ണകുമാർ എം.യു.
വാർഡ് 7



ശ്രീമതി ഷിജി ബിജു
വാർഡ് 8



ശ്രീമതി ഷംല നൗഷാദ്
വാർഡ് 9



ശ്രീമതി ജിഷ രജിത്
വാർഡ് 12



ശ്രീമതി അനു ബിജു കാച്ചപ്പിള്ളി
വാർഡ് 13



ശ്രീമതി പ്രസീത മുരളി
വാർഡ് 15



ശ്രീമതി സരിത കുടിയിരിക്കൽ
വാർഡ് 16



ശ്രീ. ബിനീഷ് കെ.കെ.
വാർഡ് 17



ശ്രീമതി ലീന ബേബി
വാർഡ് 18



ശ്രീ. എം.എൽ. ബാബു
വാർഡ് 19



ശ്രീമതി [illegible]
സെക്രട്ടറി

# ആസൂത്രണസമിതി അംഗങ്ങൾ



സുനിത സജീവൻ
(പ്രസിഡന്റ് (അദ്ധ്യക്ഷൻ)



കെ.കെ. രവി നമ്പൂതിരി
(ഉപാദ്ധ്യക്ഷൻ)



ഉഷാദേവി കെ.എസ്.
സെക്രട്ടറി (കൺവീനർ)



പി.ഡി.ജോസ്
വൈസ് പ്രസിഡന്റ് (ചെയർമാൻ)



സൗമ്യ ജോജി
(ചെയർപേഴ്സൺ)



ശരത്ത് മോഹൻ
(ചെയർമാൻ)



ബൽക്കീസ് സലാം
(ചെയർപേഴ്സൺ)



പി.കെ. തിലകൻ
(മെമ്പർ)



പി.കെ. സിദ്ദിഖ്
(മെമ്പർ)



കെ.എ. ഇക്ബാൽ
(മെമ്പർ)



ടെസ്സി ടൈറ്റസ്
(മെമ്പർ)



പി.വി. വിനോദ്
(മെമ്പർ)



ടി.വി. ഭാസ്കരൻ
(മെമ്പർ)


N
WARD BOUNDARY
1-ALATHUR
2-VENNOOR NORTH
3-VENNOOR SOUTH
4-ANNAMANADA WEST
5-ANNAMANADA TOWN
6-VALLOOR
7-WEST KORATTY
8-VAPARAMB
9-CHETTIKKUNNU
10-MAMBRA
11-ERAYAMKUDY
12-PALLISSERY NORTH
13-PALISSERY
14-PALLISSERY SOUTH
15-POOVATHUSSERY
16-KUMBIDY
17-EDAYATTOOR
18-KEEZHADOOR
19-MELADOOR
20-MALAYAMKUNNU
10°15'

# ഉള്ളടക്കം



| ക്രമ നം | വിഷയം | പേജ് നം. |
|---|---|---|
| 1 | ഭരണസമിതി അംഗങ്ങൾ | 7 |
| 2 | ആസൂത്രണസമിതി അംഗങ്ങൾ | 8 |
| 3 | വർക്കിംഗ് ഗ്രൂപ്പുകളും ഭാരവാഹികളും | 9 |
| 4 | പഞ്ചായത്ത് ജീവനക്കാർ | 10 |
| 5 | പൊതു വിവരണം | 11 |
| 6 | നിയമസഭാ അംഗങ്ങളും ത്രിതല പഞ്ചായത്ത് അംഗങ്ങളും | 12 |
| 7 | അദ്ധ്യായം - 1 തദ്ദേശസ്ഥാപനത്തിന്റെ വികസന സ്ഥിതി അവസ്ഥ | 13 |
| 8 | അദ്ധ്യായം - 2 വാർഷിക പദ്ധതി അവലോകനം | 15 |
| 9 | അദ്ധ്യായം - 3 പ്രശ്ന വിശകലനവും പരിഹാര സാധ്യതകളും | 28 |
| 10 | അദ്ധ്യായം - 4 വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ | 35 |
| 11 | അദ്ധ്യായം - 5 വിഭവസ്രോതസ്സുകളും വകയിരുത്തലുകളും | 37 |
| 12 | അദ്ധ്യായം - 6 പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും | 39 |
| 13 | അദ്ധ്യായം - 7 പ്രത്യേക പദ്ധതികൾ/പരിപാടികൾ | 57 |
| 14 | അദ്ധ്യായം - 8 വായ്പ ബന്ധങ്ങൾ | 58 |
| 15 | അദ്ധ്യായം - 9 സമഗ്ര പരിപാടികളും സംയോജന സാധ്യതകളും | 59 |
| 16 | അദ്ധ്യായം - 10 മോണിട്ടറിംഗ് | 61 |

# ഭരണസമിതി അംഗങ്ങൾ

| | | |
|---|---|---|
| 1. സുനിത സജീവൻ | - | പ്രസിഡന്റ് (വാർഡ് 4) |
| 2. പി ഡി ജോസ് | - | വൈസ് പ്രസിഡന്റ് (വാർഡ് 10) |
| 3. സൗമ്യ ജോജി | - | വികസന സ്റ്റാന്റിങ് കമ്മറ്റി ചെയർപേഴ്സൺ (വാർഡ് 20) |
| 4. ശരത് മോഹൻ | - | ക്ഷേമ കാര്യ സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ (വാർഡ് 14) |
| 5. ബൽക്കീസ് സലാം | - | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മറ്റി ചെയർപെഴ്സൺ (വാർഡ് 11) |
| 6. ടി കെ ഗോപി | - | മെമ്പർ വാർഡ് 1 |
| 7. ആനി ആന്റു | - | മെമ്പർ വാർഡ് 2 |
| 8. ജാൻസി ജോയ് | - | മെമ്പർ വാർഡ് 3 |
| 9. വേലായുധൻ കെ കെ | - | മെമ്പർ വാർഡ് 5 |
| 10. പോളി വി എ | - | മെമ്പർ വാർഡ് 6 |
| 11. എം.യു.കൃഷ്ണകുമാർ | - | മെമ്പർ വാർഡ് 7 |
| 12. ഷിജി ബിജു | - | മെമ്പർ വാർഡ് 8 |
| 13. ഷംല നൗഷാദ് | - | മെമ്പർ വാർഡ് 9 |
| 14. ജിഷ രജിത് | - | മെമ്പർ വാർഡ് 12 |
| 15. അനു ബിജു കാച്ചപ്പിള്ളി | - | മെമ്പർ വാർഡ് 13 |
| 16. പ്രസീത മുരളി | - | മെമ്പർ വാർഡ് 15 |
| 17. സിമി കുടിലിങ്കൽ | - | മെമ്പർ വാർഡ് 16 |
| 18. ബിനേഷ് കെ കെ | - | മെമ്പർ വാർഡ് 17 |
| 19. ജീന ബേബി | - | മെമ്പർ വാർഡ് 18 |
| 20. എം എൽ ബാബു | - | മെമ്പർ വാർഡ് 19 |

# ആസൂത്രണസമിതി അംഗങ്ങൾ

| | | |
|---|---|---|
| അദ്ധ്യക്ഷൻ | - | സുനിത സജീവൻ |
| ഉപാദ്ധ്യക്ഷൻ | - | കെ കെ രവി നമ്പൂതിരി |
| പ്ലാൻ കോ-ഓർഡിനേറ്റർ | - | ഉഷാദേവി കെ എസ്, സെക്രട്ടറി |

അംഗങ്ങൾ

| | | |
|---|---|---|
| 1. പി ഡി ജോസ് | - | വൈസ് പ്രസിഡന്റ് |
| 2. സൗമ്യ ജോജി | - | വികസന സ്റ്റാന്റിങ് കമ്മറ്റി ചെയർപേഴ്സൺ |
| 3. ശരത് മോഹൻ | - | ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ |
| 4. ബൽക്കീസ് സലാം | - | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മറ്റി ചെയർപേഴ്സൺ |
| 5. പി കെ തിലകൻ | - | അംഗം |
| 6. പി.കെ.സിദ്ദിഖ് | - | അംഗം |
| 7. കെ എ ഇക്ബാൽ | - | അംഗം |
| 8. ടെസ്സി ടൈറ്റസ്സ് | - | അംഗം |
| 9. പി വി വിനോദ് | - | അംഗം |
| 10. ടി വി ഭാസ്കരൻ | - | അംഗം |

| | | |
|---|---|---|
| കൺവീനർ | - | ഉഷാദേവി കെ എസ്, സെക്രട്ടറി |

<u>വർക്കിംഗ് - ഗ്രൂപ്പുകളും-ഭാരവാഹികളും</u>

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | കൺവീനർ | ചെയർമാൻ / ചെയർപേഴ്സൺ |
|---|---|---|---|
| 1 | പൊതുഭരണവും ധനകാര്യവും (കണക്കുകൾ രേഖകൾ തയ്യാറാക്കൽ, ഭരണം മെച്ചപെടുത്തൽ മുതലായവ) | സെക്രട്ടറി | പി ഡി ജോസ് |
| 2 | കൃഷിയും അനുബന്ധമേഖലകളും (മണ്ണ്-ജലസംരക്ഷണം, ജലസേചനം, പരിസ്ഥിതി, വനവത്ക്കരണം ഉൾപ്പെടെ) | കൃഷി ഓഫീസർ | അനു ബിജു കാച്ചപ്പിള്ളി |
| 3 | മൃഗസംരക്ഷണവും ക്ഷീരവികസനവും | വെറ്റിനറി സർജൻ | ജീന ബേബി |
| 4 | പ്രാദേശിക സാമ്പത്തിക വികസനം | വി.ഇ.ഒ. വെസ്റ്റ് കൊരട്ടി | വേലായുധൻ കെ കെ |
| 5 | ദാരിദ്രലഘൂകരണം (പാർപ്പിടം ഉൾപ്പെടെ) | വി.ഇ.ഒ. മേലഡൂർ | ടി കെ ഗോപി |
| 6 | സാമൂഹ്യ നീതി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | പോളി വി എ |
| 7 | വനിത വികസനം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഷംല നൌഷാദ് |
| 8 | പട്ടികജാതി വികസനം | അസി. സെക്രട്ടറി | ജിഷ രജിത് |
| 9 | ആരോഗ്യം | മെഡിക്കൽ ഓഫീസർ | ജാൻസി ജോയ് |
| 10 | കുടിവെള്ളം ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം | അസി.എഞ്ചിനീയർ | ഷിജി ബിജു |
| 11 | വിദ്യാഭ്യാസം കല സംസ്കാരം കായികം യുവജന ക്ഷേമം | ഹെഡ്മാസ്റ്റർ / ഹെഡ്മിസ്ട്രസ്റ്റ് | സിമി കുടിലിങൽ |
| 12 | പൊതുമരാമത്ത് (ഊർജ്ജം, വൈദ്യുതി ഉൾപ്പെടെ) | അസി.എഞ്ചിനീയർ | സൌമ്യ ജോജി |
| 13 | ജൈവവൈവിധ്യം ദുരന്തനിവാരണം | സെക്രട്ടറി | സുനിത സജീവൻ |

# ഗ്രാമപഞ്ചായത്ത് ജീവനക്കാർ

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി. ഉഷാദേവി കെ എസ് | സെക്രട്ടറി |
| 2 | ശ്രീമതി ഷൈനി എ ആർ | അസി. സെക്രട്ടറി |
| 3 | ശ്രീമതി ജീന എം എൻ | ഹെഡ് ക്ലാർക്ക് |
| 4 | ശ്രീമതി. ജയന്തി സി | അക്കൌണ്ടന്റ് |
| 5 | ശ്രീമതി. സബിന എം എ | സീനിയർ ക്ലാർക്ക് |
| 6 | ശ്രീമതി ലിന പി എൽ | സീനിയർ ക്ലാർക്ക് |
| 7 | ശ്രീമതി ജാൻസി കെ ഡി | സീനിയർ ക്ലാർക്ക് |
| 8 | ശ്രീ. മഹേഷ് സി ബാബു | ക്ലാർക്ക് |
| 9 | ശ്രീമതി നിഥില വി ഡി | ക്ലാർക്ക് |
| 10 | ശ്രീമതി. ജസ്നി ജോസ് | ക്ലാർക്ക് |
| 11 | ശ്രീമതി. ദിവ്യ കെ പി | ക്ലാർക്ക് |
| 12 | ശ്രീ. സുമിത്ത് എം എസ് | ഓഫീസ് അറ്റന്റന്റ് |
| 13 | ശ്രീമതി. അനിത കൃഷ്ണൻ | ഓഫീസ് അറ്റന്റന്റ് |
| 14 | ശ്രീമതി. ജോഷ്യ കെ ഒ | എഫ്.ടി.എസ്. |
| 15 | ശ്രീമതി. ഗിരിജകുമാരി ഐ സി | എഫ്.ടി.എസ് |
| 16 | ശ്രീ. രവി പി കെ | പി.ടി.എസ്. |
| 17 | ശ്രീമതി നീതുമോൾ കെ ആർ | പി.ടി. ലൈബ്രേറിയൻ |
| 18 | ശ്രീമതി. നിഷ ജോൺ | ടെക്നിക്കൽ അസിസ്റ്റന്റ് |
| 19 | കുമാരി. മീനു കെ ആർ | പ്രോജക്ട് അസിസ്റ്റന്റ് |
| 20 | ശ്രീ. ബിൻരാജ് ബഷീർ | MGNREGS അക്രഡിറ്റഡ് എഞ്ചിനിയർ |
| 21 | ശ്രീ. അനസ് എ എ | MGNREGS അക്കൌണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ |
| 22 | ശ്രീ. ബാജിലാൽ ടി എ | MGNREGS ഓവർസീയർ |
| 23 | ശ്രീ. ഷിജു സി കെ. | ഡ്രൈവർ |

# അന്നമനട ഗ്രാമ പഞ്ചായത്ത് പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | അന്നമനട ഗ്രാമപഞ്ചായത്ത് |
| ബ്ലോക്ക് | - | മാള ബ്ലോക്ക് |
| ജില്ല | - | തൃശ്ശൂർ |
| പാർലിമെന്റ് മണ്ഡലം | - | ചാലക്കുടി |
| അസംബ്ലി മണ്ഡലം | - | കൊടുങ്ങല്ലൂർ |
| താലൂക്ക് | - | ചാലക്കുടി |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | കല്ലൂർ തെക്കുംമുറി, ആലത്തൂർ, കല്ലൂർ വടക്കുംമുറി |
| വിസ്തീർണ്ണം | - | 25.08 ച.കി. |
| അതിരുകൾ | | |
| വടക്ക് | - | കാടുകുറ്റി ഗ്രാമ പഞ്ചായത്ത് |
| കിഴക്ക് | - | കൊരട്ടി ഗ്രാമ പഞ്ചായത്ത് |
| തെക്ക് | - | പാറക്കടവ് ഗ്രാമ പഞ്ചായത്ത് |
| പടിഞ്ഞാറ് | - | മാള ഗ്രാമ പഞ്ചായത്ത് |
| ജനസംഖ്യ (2011 സെൻസസ്) | - | 30158 |
| സ്ത്രീ | - | 14466 |
| പുരുഷൻ | - | 15692 |
| ആകെ | - | 30158 |
| ജനസാന്ദ്രത | - | 12.02 |
| സ്ത്രീ-പുരുഷാനുപാതം | - | 1000/1084 |
| പട്ടികജാതി | - | 3335 |
| സാക്ഷരത | - | 96% |
| വാർഡുകൾ | - | 20 |
| പഞ്ചായത്ത് നിലവിൽ വന്ന വർഷം | - | 15.10.1953 |

# നിയമസഭാ - പാർലിമെന്റ് അംഗങ്ങളും ത്രിതല പഞ്ചായത്ത് അംഗങ്ങളും

| | | |
|---|---|---|
| ശ്രീ. ബെന്നി ബഹനാൻ | - | ലോകസഭാ അംഗം |
| അഡ്വ.വി.ആർ.സുനിൽകുമാർ | - | നിയമസഭാ അംഗം |
| ശ്രീ. സാജൻ കൊടിയൻ | - | ജില്ലാപഞ്ചായത്ത് മെമ്പർ |
| ശ്രീമതി ധന്യ ദേവദാസ് | - | മാള ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാന്റിങ് കമ്മറ്റി ചെയർപേഴ്സൺ |
| ശ്രീമതി ഫാത്തിമ നിസാർ | - | മാള ബ്ലോക്ക് പഞ്ചായത്ത് അംഗം |
| ശ്രീ. കെ എ ബൈജു | - | മാള ബ്ലോക്ക് പഞ്ചായത്ത് അംഗം |

## അദ്ധ്യായം - 1

## തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതി - അവസ്ഥാ വിശകലനം

തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ മാള ബ്ലോക്കിലാണ് അന്നമനട ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. 25.08ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള അന്നമനട പഞ്ചായത്തിൽ 20 വാർഡുകളുണ്ട്. പഞ്ചായത്തിന്റെ അതിരുകൾ വടക്കുഭാഗത്ത് കാടുകുറ്റി പഞ്ചായത്തും തെക്കുഭാഗത്ത് പാറക്കടവ് പഞ്ചായത്തും, കിഴക്കുഭാഗത്ത് കൊരട്ടി പഞ്ചായത്തും, പടിഞ്ഞാറുഭാഗത്ത് മാള, കുഴൂർ പഞ്ചായത്തുകളുമാണ്. ചാലക്കുടിപ്പുഴ അന്നമനട പഞ്ചായത്തിലൂടെ ഒഴുകുന്നു. പുഴയുടെ കിഴക്കേ കരയിലും പടിഞ്ഞാറേ കരയിലുമായി പഞ്ചായത്തിലെ വാർഡുകൾ സ്ഥിതി ചെയ്യുന്നു. അന്നമനട പഞ്ചായത്ത് ഒരു കാർഷികാധിഷ്ഠിത പ്രദേശമാണ്. ജനസംഖ്യയിൽ ഭൂരിഭാഗവും കൃഷിയും കൃഷിയോടനുബന്ധിച്ച തൊഴിലിലും ഏർപ്പെട്ടുജീവിക്കുന്നു. സ്ഥലവാസികൾക്ക് അനായാസേന ഉച്ചരിക്കാൻ കഴിയുന്നതും അന്യദേശക്കാർക്ക് ഉച്ചരിക്കാൻ ഏറെ വൈഷമ്യം അനുഭവപ്പെടുന്നതുമായ അന്നമനട എന്ന താളാത്മകമായ സ്ഥലനാമത്തിന്റെ ഉത്ഭവത്തെക്കുറിച്ച് വ്യക്തമായ ചരിത്രരേഖകൾ ലഭ്യമല്ല. അന്നമനട മഹാദേവക്ഷേത്രവുമായി ബന്ധപ്പെട്ട് അന്നം കൊടുത്തിരുന്ന നട; അന്നമനടയായി പരിണമിച്ചുവത്രെ. ആയിരം കൊല്ലങ്ങൾക്കുമുമ്പ് തൈക്കൂട്ടത്തിന് സമീപം കല്ലൂർ ആൽ എന്നറിയപ്പെടുന്ന സ്ഥലം വരെ പറവൂർ നാടുവാഴിയുടെ ഭരണത്തിൻകീഴിലായിരുന്നു. ക്രമേണ ഈ സ്ഥലം തിരുവിതാംകൂർരാജാവ് ആക്രമിച്ചുകീഴടക്കി. ഏതാണ്ട് ഇരുന്നൂറ് വർഷംമുമ്പ് തിരുവിതാംകൂറും കൊച്ചിയുമായി അതിർത്തിതർക്കം രൂക്ഷമായതോടെ ബ്രിട്ടീഷ് അധികാരികൾ ഇടപ്പെട്ട്, ഏകാംഗകമ്മീഷനെ നിയമിച്ച് അതിർത്തി നിർണ്ണയിച്ചുകൊടുത്തു. അങ്ങനെയാണ് പൂവ്വത്തുശ്ശേരി പ്രദേശത്തെ രണ്ടായി വിഭജിക്കുന്ന ആറടിപാതയും കൊച്ചി-തിരുവിതാംകൂർ അതിർത്തികല്ലും(കൊതികല്ല്) രൂപംകൊണ്ടത്. പ്രസിദ്ധമായ അന്നമനട മഹാദേവക്ഷേത്രം കൊച്ചിരാജ്യത്തിന്റെ കീഴിലായി. ഇന്നു കാണുന്ന ക്ഷേത്രത്തിന്റെ രൂപകല്പനയും പത്ത് ദിവസങ്ങൾ നീളുന്ന ഉത്സവാഘോഷപരിപാടികളും കൊച്ചിരാജഭരണത്തിനു മുമ്പ് തുടങ്ങിയതാണ്. അന്നമനട എന്നു കേൾക്കുമ്പോൾ ആരുടേയും മനസ്സിൽ ആദ്യം ഓടിയെത്തുന്നത് അന്നമനട മഹാദേവക്ഷേത്രവും, പഞ്ചവാദ്യകലയുമാണ്.

മഹാദേവക്ഷേത്രം കേരളത്തിലെ പ്രശസ്തമായ ആരാധനാലയങ്ങളിലൊന്നാണ്. പഞ്ചാവാദ്യങ്ങളിലൊന്നായ തിമില എന്ന വാദ്യോപകരണത്തിന് ഇത്രയും പ്രമുഖ്യം ഉണ്ടാകുവാൻ കാരണം അന്നമനടയാണ്. അന്നമനട അച്യുതമാരാർ, പരമേശ്വരമാരാർ, പീതാംബരമാരാർ എന്നിവർ തിമിലവാദനത്തിൽ കരുത്താർജ്ജിച്ചപ്പോൾ അന്നമനടയുടെ പ്രശസ്തി ദൂരദേശങ്ങളിലേക്കും വ്യാപിച്ചു...

## അദ്ധ്യായം - 2

## 2025-26 വാർഷിക പദ്ധതി അവലോകനം

തദ്ദേശസ്ഥാപനത്തിൻറെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത്          വർക്കിംഗ് ഗ്രൂപ്പിൻറെ പേര്: പൊതുഭരണവും ധനകാര്യവും

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP / TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | പൊതുഭരണം | 2025-26 പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിങ്ങ് | GEN | 1450000 | കമ്പ്യൂട്ടർവത്കരണവും സേവനം മെച്ചപ്പെടുത്തലും | തദ്ദേശഭരണ സ്ഥാപന സേവനം മെച്ചപ്പെടുത്തൽ | തദ്ദേശഭരണ സ്ഥാപന സേവനം മെച്ചപ്പെടുത്തൽ |
| 2 | ധനകാര്യം | ഐ കെ എം വിഹിതം നൽകൽ | GEN | 97000 | വിഹിതം നൽകൽ | വിഹിതം നൽകൽ | വിഹിതം നൽകൽ |
| 3 | പൊതുഭരണം | ടെക്നിക്കൽ അസിസ്റ്റൻറിന് വേതനം | GEN | 372000 | കമ്പ്യൂട്ടർവത്കരണവും സേവനം മെച്ചപ്പെടുത്തലും | തദ്ദേശഭരണ സ്ഥാപന സേവനം മെച്ചപ്പെടുത്തൽ | തദ്ദേശഭരണ സ്ഥാപന സേവനം മെച്ചപ്പെടുത്തൽ |
| 4 | ധനകാര്യം | 2022-23 കമ്പ്യൂട്ടറുകളുടേയും അനുബന്ധ സാമഗ്രികളുടേയും എഎംസി | GEN | 150000 | കമ്പ്യൂട്ടർവത്കരണവും സേവനം മെച്ചപ്പെടുത്തലും | തദ്ദേശഭരണ സ്ഥാപന സേവനം മെച്ചപ്പെടുത്തൽ | തദ്ദേശഭരണ സ്ഥാപന സേവനം മെച്ചപ്പെടുത്തൽ |

തദ്ദേശസ്ഥാപനത്തിൻറെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പിൻറെ പേര്:കൃഷിയും അനുബന്ധമേഖലയും

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രോജക്റ്റിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | കൃഷി | സമഗ്ര നെൽകൃഷി വികസനം- നെൽവിത്ത് | ജനറൽ | 3500000 | നെൽകൃഷിയിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അധികമായി സ്ഥലത്തു അധികമായി കൃഷി ചെയ്യുന്നു | നെൽകൃഷി അധികമായി സ്ഥലത്ത് കൃഷി ചെയ്യുന്നു. | നെൽകൃഷി കൂലിചെലവ് കുറഞ്ഞു |
| 2 | കൃഷി | ജാതി കൃഷി | ജനറൽ | 625000 | ജാതികൃഷിയിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അധികമായി സ്ഥലത്തു അധികമായി കൃഷി ചെയ്യുന്നു | ജാതികൃഷിയിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അധികമായി സ്ഥലത്തു അധികമായി കൃഷി ചെയ്യുന്നു | ജാതികൃഷി പാടശേഖരങ്ങളുടെ അധിക ഉപയോഗം കൂടി |
| 3 | കൃഷി | വനിതകൾക്ക് പച്ചക്കറി ഔഷധസസ്യ വിതരണം | ജനറൽ | 325333 | ജൈവ പച്ചക്കറികൃഷിയുടെ ഉപയോഗം വർദ്ധിക്കുന്നു. | എല്ലാ വീട്ടിലും പച്ചക്കറികൃഷി | എല്ലാ വീട്ടിലും പച്ചക്കറികൃഷി |

തദ്ദേശസ്ഥാപനത്തിൻറെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത്    വർക്കിംഗ് ഗ്രൂപ്പിൻറെ പേര്: മൃഗസംരക്ഷണവും ക്ഷീരവികസനവും

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രോജക്റ്റിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | ക്ഷീരവികസനം | പാലിന് സബ്സിഡി | GEN | 1039494 | ക്ഷീര കർഷകർക്ക് സാമ്പത്തികമായി മുന്നേറാൻ സാധിച്ചു. | ക്ഷീര കർഷകർക്ക് സാമ്പത്തികമായി മുന്നേറാൻ സാധിച്ചു. | ക്ഷീര കർഷകർക്ക് സാമ്പത്തികമായി മുന്നേറാൻ സാധിച്ചു. |
| 2 | മൃഗസംരക്ഷണം | അടുക്കളമുറ്റത്തെ കോഴി വളർത്തൽ | GEN | 530400 | മൃഗസംരക്ഷണം | ഗർഭിണി കിടാരി / പോത്തുകുട്ടി / കാളകുട്ടി/ ആട്ടിൻകുട്ടി പരിപാലനം | മൃഗസംരക്ഷണം മെച്ചപ്പെടുത്താൻ സാധിച്ചു. |
| 3 | മൃഗസംരക്ഷണം | മൃഗാസ്പത്രികൾക്ക് മരുന്നു വാങ്ങൽ | GEN | 500000 | മൃഗസംരക്ഷണം | അടിസ്ഥാന സൗകര്യങ്ങൾ | മൃഗസംരക്ഷണം ഉറപ്പുവരുത്താൻ സാധിച്ചു. |
| 4 | മൃഗസംരക്ഷണം | എ ബി സി പ്രോഗ്രാം – ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ | GEN | 300000 | മൃഗസംരക്ഷണം | മൃഗങ്ങളുടെ സംരക്ഷണം | മൃഗസംരക്ഷണം ഉറപ്പുവരുത്താൻ സാധിച്ചു. |

തദ്ദേശസ്ഥാപനത്തിൻറെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത്　　　വർക്കിംഗ് ഗ്രൂപ്പിൻറെ പേര്:ദാരിദ്ര ലഘൂകരണം

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | ദാരിദ്ര ലഘൂകരണം | അതി ദരിദ്രർക്ക് ഭക്ഷണം നൽകൽ | GEN | 45000 | സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം | അഗതികളുടെ ക്ഷേമം | അഗതികളുടെ ക്ഷേമം |
| 2 | ദാരിദ്ര ലഘൂകരണം | അതിദരിദ്രർക്ക് ചികിത്സ സഹായം ലഭ്യമാക്കൽമരുന്നു വിതരണം | GEN | 50000 | സേവനം | സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം | അഗതികളുടെ ക്ഷേമം |
| 3 | ദാരിദ്ര ലഘൂകരണം | ലൈഫ് പദ്ധതി ജനറൽ | GEN | 602791 | ഭൌതികസാഹചര്യം മെച്ചപ്പെടൽ | വീട് നിർമ്മാത്തിലൂടെ പൊതുജന സുരക്ഷ | വീട് നിർമ്മാത്തിലൂടെ പൊതുജന സുരക്ഷ |
| 4 | ദാരിദ്ര ലഘൂകരണം | ലൈഫ് പദ്ധതി എസ് സി | SC | 2930000 | ഭൌതികസാഹചര്യം മെച്ചപ്പെടൽ | വീട് നിർമ്മാത്തിലൂടെ പൊതുജന സുരക്ഷ | വീട് നിർമ്മാത്തിലൂടെ പൊതുജന സുരക്ഷ |

തദ്ദേശസ്ഥാപനത്തിൻറെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പിൻറെ പേര്: സാമൂഹ്യനീതി

| ക്രമ നമ്പർ | മേഖല/ ഉപ മേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | സേവനം | ജാഗ്രത സമിതി പ്രവർത്തനങ്ങൾ | Gen | 200000 | സ്ത്രീകളുടെ സുരക്ഷക്കായി | സ്ത്രീകളുടെ സുരക്ഷക്കായി | സ്ത്രീകളുടെ സുരക്ഷക്കായി |
| 2 | സേവനം | അംഗണനവാടി പോഷകാഹാര പദ്ധതി | Gen | 3300500 | ഭൗതികസാഹചര്യം മെച്ചപ്പെടൽ | അംഗൻവാടികൾ ശിശുജന സൌഹൃദമാക്കാൻ കഴിഞ്ഞു | അംഗൻവാടികൾ ശിശുജന സൌഹൃദമാക്കാൻ കഴിഞ്ഞു |
| 3 | സേവനം | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം | Gen | 1700000 | ഭിന്നശേഷി കുട്ടികൾക്ക് സമാശ്വാസം | സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ ക്ഷേമം |
| 4 | സേവനം | ബാലസൌഹൃദ പഞ്ചായത്ത് മികവിൻറെ കേന്ദ്രം | Gen | 354000 | വിദ്യാഭ്യാസം | വിദ്യാഭ്യാസം | അനുബന്ധ പ്രവർത്തനങ്ങൾ |
| 5 | സേവനം | ബാലസൌഹൃദ പഞ്ചായത്ത് – സ്പോർട്ട്സ് അക്കാദമി | Gen | 100000 | ഭൗതികസാഹചര്യം മെച്ചപ്പെടൽ | കലാസാംസ്കാരികകായിക വികസനം, യുവജനക്ഷേമം | കലാസാംസ്കാരിക കായിക പ്രോത്സാഹനം |

തദ്ദേശസ്ഥാപനത്തിൻറെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത്　　　　വർക്കിംഗ് ഗ്രൂപ്പിൻറെ പേര്: വനിതാ വികസനം

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിനതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | സേവനം | വനിതകൾക്ക് അലങ്കാര മത്സ്യ കൃഷി | GEN | 100000 | സ്ത്രീകളുടെ ഉന്നമനത്തിനായി | സ്ത്രീകളുടെ ഉന്നമനം സജ്ജീവമായി | സ്ത്രീകൾക്ക് ചെറുകിട വ്യവസായത്തിലൂടെ വരുമാനമാർഗ്ഗം കണ്ടെത്താനായി. |
| 2 | സേവനം | വനിതകൾക്ക് സ്വയം തൊഴിലിന് ധനസഹായം | GEN | 360000 | സ്ത്രീകളുടെ ഉന്നമനത്തിനായി | സ്ത്രീകളുടെ ഉന്നമനത്തിനായി | സ്ത്രീകൾക്ക് ചെറുകിട വ്യവസായത്തിലൂടെ വരുമാനമാർഗ്ഗം കണ്ടെത്താനായി. |
| 3 | സേവനം | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധന സഹായം | SC | 1500000 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധന സഹായത്തിലൂടെ സമാശ്വാസം | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധന സഹായത്തിലൂടെ സമാശ്വാസം | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധന സഹായത്തിലൂടെ സമാശ്വാസം |

തദ്ദേശസ്ഥാപനത്തിൻറെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പിൻറെ പേര്: പട്ടികജാതി വികസനം

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | സേവനം | ഭവന പുനരുദ്ധാരണം (എസ് സി) | SCP | 1200000 | ഭവന പുനരുദ്ധാരണം | ഭവന പുനരുദ്ധാരണം | പണി തീരുന്ന മുറയ്ക്ക് തുക കൈമാറുന്നത് കൊണ്ട്. |
| 2 | സേവനം | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി മേശയും കസേരയും | SCP | 257400 | ടോയിലറ്റിന് ധനസഹായം | ടോയിലറ്റിന് ധനസഹായം | പണി തീരുന്ന മുറയ്ക്ക് തുക കൈമാറുന്നത് കൊണ്ട്. |
| 3 | സേവനം | എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | SCP | 640000 | മെച്ചപ്പെട്ട വിദ്യാഭ്യാസം | മെച്ചപ്പെട്ട വിദ്യാഭ്യാസ ഭൌതിക സാഹചര്യം | വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെട്ടതൽ |

തദ്ദേശസ്ഥാപനത്തിൻറെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പിൻറെ പേര്: ആരോഗ്യം

| ക്രമ നമ്പർ | മേഖല/ ഉപ മേഖല | പ്രോജക്ടിൻറെ പേര് | GEN / SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | ആരോഗ്യം | പെയിൻ ആൻറ് പാലിയേറ്റീവ് കെയർ സംരക്ഷണം | GEN | 1100000 | കിടപ്പ് രോഗികൾക്കും വയോജനങ്ങൾക്കും സംരക്ഷണം | കിടപ്പ് രോഗികൾക്കും വയോജനങ്ങൾക്കും ആരോഗ്യസുരക്ഷ | ആരോഗ്യസംരക്ഷണം മെച്ചപ്പെടുത്തൽ |
| 2 | ആരോഗ്യം | ജി എ എച്ച് അന്നമനടക്ക് മരുന്ന് വാങ്ങൽ | GEN | 2000000 | മരുന്നുകളുടെ ലഭ്യത നിയമാനുസരണം | മരുന്നുകളുടെ ലഭ്യത നിയമാനുസരണം | മരുന്നുകളുടെ ലഭ്യത നിയമാനുസരണം |
| 3 | ആരോഗ്യം | ജി എച്ച് ഡി അന്നമനടക്ക് മരുന്ന് വാങ്ങൽ | GEN | 300000 | മരുന്നുകളുടെ ലഭ്യത നിയമാനുസരണം | മരുന്നുകളുടെ ലഭ്യത നിയമാനുസരണം | മരുന്നുകളുടെ ലഭ്യത നിയമാനുസരണം |
| 4 | ആരോഗ്യം | ജി എ ഡി എരയാംകുടിക്ക് മരുന്ന് വാങ്ങൽ | GEN | 600000 | മരുന്നുകളുടെ ലഭ്യത നിയമാനുസരണം | മരുന്നുകളുടെ ലഭ്യത നിയമാനുസരണം | മരുന്നുകളുടെ ലഭ്യത നിയമാനുസരണം |

തദ്ദേശസ്ഥാപനത്തിൻറെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത്  വർക്കിംഗ് ഗ്രൂപ്പിൻറെ പേര്: കുടിവെള്ളം, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം

| ക്രമ നമ്പർ | മേഖല/ ഉപ മേഖല | പ്രോജക്ടിൻറെ പേര് | GEN / SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | കുടിവെള്ളം | പുറക്കുളം നവീകരണ പ്രവർത്തനങ്ങൾ | GEN | 750000 | പൊതുകുളങ്ങളുടെ സംരക്ഷണം | പൊതുകുളങ്ങളുടെ ഉപയോഗം യഥാക്രമം കൂടി | പൊതുകുളങ്ങളുടെ സംരക്ഷണം |
| 2 | കുടിവെള്ളം | എക്കാട്ടിത്തോട് വൻതോട് പുറക്കുളം വിവിധ സംരക്ഷണ പ്രവൃത്തികൾ | GEN | 1500000 | എക്കാട്ടിത്തോട് വൻകുളം സംരക്ഷണം | പൊതുകുളങ്ങളുടെ ഉപയോഗപ്രദമായി | പൊതുകുളങ്ങളുടെ സംരക്ഷണം |
| 3 | ശുചിത്വം | ടേക്ക് എ ബ്രേക്ക് പൂർത്തീകരണം | GEN | 1619983 | പുത്തൻകുളം സംരക്ഷണം | സുഗമമായ നീരൊഴുക്കിലൂടെ പ്രളയഭീഷണി ഒഴിവാക്കി | പൊതുകുളങ്ങളുടെ സംരക്ഷണം |
| 4 | ശുചിത്വം | 2020-2121-2222-23 ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ് ലറ്റിന് ധനസഹായം | SCP | 186000 | ടോയ് ലറ്റ് നിർമ്മാണം | ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്ലറ്റ് നിർമ്മാണം | ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്ലറ്റ് നിർമ്മാണം |

തദ്ദേശസ്ഥാപനത്തിൻറെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പിൻറെ പേര്: വിദ്യാഭ്യാസം കല സംസ്കാരം കായികം യുവജനക്ഷേമം

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രോജക്റ്റിൻറെ പേര് | GEN / SCP / TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | കായികം | സ്പോർട്സ് അക്കാദമി | GEN | 100000 | വിദ്യാഭ്യാസരംഗത്ത് മികച്ച പ്രകടനം നടത്തുന്നവർക്കുള്ള സഹായം | വിദ്യാഭ്യാസം രംഗത്തുണ്ടായ മാറ്റങ്ങൾ | വിദ്യാഭ്യാസരംഗത്ത് മികച്ച നേട്ടങ്ങൾ |
| 2 | കലാ കായികം | ഭിന്നശേഷി കലോത്സവം | GEN | 60000 | ഭിന്നശേഷികുട്ടികൾക്ക് കലാകായിക രംഗത്ത് മികവുള്ള കലാകരാന്മാരെ കണ്ടെത്തുന്നതിന് | ഭിന്നശേഷികുട്ടികൾക്ക് കലാകായിക രംഗത്ത് മികവുള്ള കലാകരാന്മാരെ കണ്ടെത്തുന്നതിന് | ഭിന്നശേഷികുട്ടികൾക്ക് കലാകായിക രംഗത്ത് മികവുള്ള കലാകരാന്മാരെ കണ്ടെത്തുന്നതിന് |
| 3 | കലാ കായികം | കേരളോത്സവം | GEN | 150000 | കലാകായിക രംഗത്ത് മികവുള്ള കലാകരാന്മാരെ കണ്ടെത്തുന്നതിന് | മികച്ച പ്രകടനം നടത്തുന്നവരെ കണ്ടെത്തി അനുമോദനം | കലാകായിക രംഗത്തെ വികസിപ്പിക്കുന്നതിന് |

തദ്ദേശസ്ഥാപനത്തിൻറെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പിൻറെ പേര്: പൊതുമരാമത്ത്

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രോജക്റ്റിൻറെ പേര് | GEN / SCP / TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ ഇടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | റോഡ് | ചക്കാലക്കൽ റോഡ് പുനരുദ്ധാരണം പൂർത്തീകരണം വാർഡ് 4 | GEN | 246800 | റോഡ് നിലവാരം മെച്ചപ്പെടുത്തൽ | റോഡ് സഞ്ചാരയോഗ്യമാക്കൽ | യഥാക്രമം റോഡുകളുടെ മെയിൻറനൻസ് |
| 2 | റോഡ് | കരിക്കാട്ടുകുന്ന് റോഡ് പുനരുദ്ധാരണം വാർഡ് 9 | GEN | 895000 | റോഡ് നിലവാരം മെച്ചപ്പെടുത്തൽ | റോഡ് സഞ്ചാരയോഗ്യമാക്കൽ | യഥാക്രമം റോഡുകളുടെ മെയിൻറനൻസ് |
| 3 | റോഡ് | ഈർച്ചത്തറ റോഡ് പുനരുദ്ധാരണം വാർഡ് 12 | GEN | 940000 | റോഡ് നിലവാരം മെച്ചപ്പെടുത്തൽ | റോഡ് സഞ്ചാരയോഗ്യമാക്കൽ | യഥാക്രമം റോഡുകളുടെ മെയിൻറനൻസ് |
| 4 | റോഡ് | പരപ്പൻ റോഡ് ബണ്ട് റോഡ് പുനരുദ്ധാരണം വാർഡ് 18 | GEN | 417000 | റോഡ് നിലവാരം മെച്ചപ്പെടുത്തൽ | റോഡ് സഞ്ചാരയോഗ്യമാക്കൽ | യഥാക്രമം റോഡുകളുടെ മെയിൻറനൻസ് |

തദ്ദേശസ്ഥാപനത്തിൻറെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത്  വർക്കിംഗ് ഗ്രൂപ്പിൻറെ പേര്: ചെറുകിട സാമ്പത്തിക വികസനം

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രോജക്റ്റിൻറെ പേര് | GEN / SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | റോഡ് | വിവേകോദയം റോഡ് പുനരുദ്ധാരണം വാർഡ് 15 | GEN | 226518 | റോഡ് നിലവാരം മെച്ചപ്പെടുത്തൽ | റോഡ് സഞ്ചാരയോഗ്യമാക്കൽ | യഥാക്രമം റോഡുകളുടെ മെയിൻറനൻസ് |
| 2 | റോഡ് | ചങ്ങം കുളങ്ങര ക്ഷേത്രം റോഡ് നിർമ്മാണം രണ്ടാം ഘട്ടം വാർഡ് 18 | GEN | 271251 | റോഡ് നിലവാരം മെച്ചപ്പെടുത്തൽ | റോഡ് സഞ്ചാരയോഗ്യമാക്കൽ | യഥാക്രമം റോഡുകളുടെ മെയിൻറനൻസ് |
| 3 | റോഡ് | പൈനാട്ടുക്കര മാവേലിക്കഴ റോഡ് പൂർത്തീകരണം | GEN | 103676 | റോഡ് നിലവാരം മെച്ചപ്പെടുത്തൽ | റോഡ് സഞ്ചാരയോഗ്യമാക്കൽ | യഥാക്രമം റോഡുകളുടെ മെയിൻറനൻസ് |
| 4 | റോഡ് | ചെമ്പിട്ടിക്കാട്ട് കടവ് റോഡ് പുനരുദ്ധാരണം | GEN | 278000 | റോഡ് നിലവാരം മെച്ചപ്പെടുത്തൽ | റോഡ് സഞ്ചാരയോഗ്യമാക്കൽ | യഥാക്രമം റോഡുകളുടെ മെയിൻറനൻസ് |

തദ്ദേശസ്ഥാപനത്തിൻ്റെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻ്റെ പേര്: ജൈവവൈവിധ്യം, ദുരന്ത നിവാരണം

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിൻ്റെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിനാതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | റോഡ് | ദുരന്തനിവാരണം – വാർഡുകളിലെ വിവിധ അടിയന്തിര പ്രവൃത്തികൾ | GEN | 150000 | ദുരന്തനിവാരണം വിവിധ സ്ഥലങ്ങളിൽ മുന്നൊരുക്ക പ്രവർത്തനങ്ങൾ | ദുരന്തനിവാരണം വിവിധ സ്ഥലങ്ങളിൽ മുന്നൊരുക്ക പ്രവർത്തനങ്ങൾ | ദുരന്തനിവാരണം വിവിധ സ്ഥലങ്ങളിൽ മുന്നൊരുക്ക പ്രവർത്തനങ്ങൾ |
| 2 | കാലാവസ്ഥ വ്യതിയാനം | ജൈവവൈവിധ്യ രജിസ്റ്റർ പുതുക്കൽ 2023-24 | GEN | 90000 | ജൈവവൈവിധ്യ രജിസ്റ്റർ പുതുക്കൽ | ജൈവവൈവിധ്യ രജിസ്റ്റർ പുതുക്കൽ | ജൈവവൈവിധ്യ രജിസ്റ്റർ പുതുക്കൽ |
| 3 | മത്സ്യ സംരക്ഷണം | ഊത്തസംരക്ഷണ പദ്ധതി | GEN | 200000 | ഊത്തസംരക്ഷണ പദ്ധതി | ഊത്തസംരക്ഷണ പദ്ധതി | ഊത്തസംരക്ഷണ പദ്ധതി |

# അദ്ധ്യായം – 3

## പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

### കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവം കാര്യക്ഷമമാക്കൽ

അന്നമനട ഗ്രാമപഞ്ചായത്തിൽ ഇ-ഗവേണൻസിന്റെ ഭാഗമായി എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നതിനായി എല്ലാ ജീവനക്കാർക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാക്കൽ, ടച്ച് സ്ക്രീൻ സ്ഥാപിക്കൽ, പൊതുജനസേവനം കാര്യക്ഷമമാക്കുക. പഞ്ചായത്തിൽ നിന്നുമുള്ള സേവനങ്ങളുടെ വിവരങ്ങളും നികുതി പിരിവും ഓൺലൈൻ വഴി ലഭ്യമാക്കുക. പഞ്ചായത്തിൽ നിന്നുമുള്ള അറിയിപ്പുകൾ ഓരോ കുടുംബത്തിനും ലഭ്യമാക്കുന്നതിന് പ്രത്യേക ഇൻറർനെറ്റ് സംവിധാനം ഏർപ്പെടുത്തുക.

### കൃഷിയും അനുബന്ധ മേഖലകളും

കൃഷിയെ ആസ്പതമാക്കി ജീവതമാർഗ്ഗം കണ്ടെത്തുന്നതിന് ഉചിതമായ ഭൂപ്രദേശത്താൽ സമ്പൂർണ്ണമാണ് അന്നമനട ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ. കൃഷി ജീവതത്തിലെ അനിവാര്യ ഘടകമായി കാണുന്നതിനുനപ്പുറം വരുംതലമുറയ്ക്കു കൂടി ഉപകാരപ്രദമാവും വിധമാണ് അന്നമനടയുടെ കൃഷി മേഖല വളരുന്നത്. ദിനംപ്രതി വർദ്ധിച്ചുവരുന്ന ജൈവപച്ചക്കറി കൃഷികളുടെ പ്രാധാന്യം വിഷരഹിത കേരളത്തെ സൃഷ്ടിക്കുന്നതിന് അന്നമനട എന്നും ഒരു മാർഗ്ഗദർശനമാണ്. ഞങ്ങളും കൃഷിയിലേക്ക് എന്ന ആശയം കൂടുതൽ നടപ്പിലാക്കുന്നതിന് വീട് വീടാന്തരം പച്ചക്കറി വിത്തുകൾ എത്തിക്കുകയും കോവിഡ് മഹാമാരി കാലഘട്ടത്തിൽ വളരെയധികം ഫലവത്തായ നടപടികളിലൊന്നായി തീർന്നു. നെൽകൃഷി ഉല്പാദനത്തിൽ വന്ന മാറ്റത്തെ ആസ്പദമാക്കി സമഗ്ര നെൽകൃഷി കമ്മായം, നെൽവിത്ത്, സ്ഥിരം നെൽകൃഷി എന്നീ പ്രോജക്ടുകൾ ഉൾപ്പെടുത്തി വാർഡ്തോറും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അവർക്ക് വേണ്ട സബ്സിഡികൾ ഏർപ്പെടുത്തുന്നതിനും പഞ്ചായത്ത് മുൻകൈ എടുത്ത് വിവിധ പ്രവർത്തികൾ ചെയ്തുവരുന്നുണ്ട്. ജാതി കൃഷിക്ക് വളത്തിന് സബ്സിഡി കൊടുക്കുന്ന പ്രോജക്ടിലൂടെ ഗുണഭോക്താക്കളെ കണ്ടെത്തുകയും ജാതികർഷകർക്ക് കൈതാങ്ങാവുകയും ഉയർന്നുവരുന്ന വളത്തിന്റെവിലയിൽ നിന്നും ആശ്വാസമാകുകയും ചെയ്യുന്നു. പ്രളയത്തിൽ നശിച്ച കാർഷിക മേഖലയെ പുനരുദ്ധരിക്കുന്നതിന് അന്നമനട ഗ്രാമപഞ്ചായത്തിന്റെഅധീനതയിൽ വിവിധ പദ്ധതികളാണ് കാഴ്ചവെയ്ക്കുന്നത്.

മൃഗസംരക്ഷണവും, ക്ഷീരവികസനവും

ഇപ്പോഴുള്ള വികസനം നിലനിർത്തുന്നതിനും ഈ മേഖലയുടെ തുടർന്നുള്ള വികസനത്തിനും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. കന്നുകുട്ടികളെ വളർത്തിയെടുക്കുന്നതിനുള്ള ചെലവ് ചുരുക്കുന്നതിന് കന്നുകുട്ടി പരിപാലനപദ്ധതി, പാലുല്പാദനത്തിന്റെയുയർച്ചയ്ക്കായി പാലിന് സബ്സിഡി എന്നീ പദ്ധതികൾ ഉൾപ്പെടുത്തി മൃഗസംരക്ഷണമേഖലയെ സംരക്ഷിച്ചുപോരുന്നു. കർഷിക മേഖല കഴിഞ്ഞാൽ അന്നമനട പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും മുഖ്യതൊഴിലായും ഉപതൊഴിലായും ആശ്രയിക്കുന്നത് മൃഗസംരക്ഷണമേഖലയാണ്. ഇപ്പോഴുള്ള വികസനം നിലനിർത്തുന്നതിനും ഈ മേഖലയുടെ തുടർന്നുള്ള വികസനത്തിനും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. കന്നുകുട്ടികളെ വളർത്തിയെടുക്കുന്നതിനുള്ള ചെലവ് ചുരുക്കുന്നതിന് കന്നുകുട്ടി പരിപാലന പദ്ധതി, ആട്ടുവളർത്തൽ പദ്ധതി, കോഴി വളർത്തൽ പദ്ധതി, കന്നുകാലി ആരോഗ്യ സംരക്ഷണം, കാലിത്തൊഴുത്ത് മെയിൻറനൻസ്, പുതിയ കാലിത്തൊഴുത്ത് നിർമ്മാണം എന്നിവ ഉൾപ്പെടുത്താവുന്നതാണ്.

ചെറുകിട വ്യവസായം

അസംസ്കൃത വസ്തുക്കളുടെ ദൌർലഭ്യം, കൂടിയ വേതനനിരക്ക്, കൂടിയ വൈദ്യുതി നിരക്ക് എന്നിവ ഈ മേഖലയിലെ പ്രശ്നങ്ങളാണ്. ഭൂരിഭാഗം പേരും കൃഷിയെ ആശ്രയിക്കുന്നതിനാൽ താഴെതട്ടിലുള്ള ജനവിഭാഗം ഇപ്പോഴും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നു. കുടുംബശ്രീവഴി സ്വയം തൊഴിൽ ഗ്രൂപ്പുകൾക്ക് വിപണനമേഖലയിൽ സബ്സിഡിയോട്ടുകൂടി ബാങ്ക് വഴി പ്രവർത്തന മൂലധനം അനുവദിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്. നൈപുണ്യ വികസനം പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുക ചെറുകിട യൂണിറ്റുകൾ ആരംഭിക്കുന്നതിന് സബ്സിഡി അനുവദിക്കുക. തൊഴിൽ പരിശീലനം നൽകുക. എം.എസ്.എം.ഇ. മുഖാന്തിരം അനുദിനം വളർന്നുകൊണ്ടിരിക്കുകയാണ് ചെറുകിട വ്യവസായ മേഖല. എം.എസ്.എം.ഇ.യുടെ ആവശ്യകത ജനങ്ങൾക്ക് വ്യക്തമാക്കുന്നതിന് പൊതുബോധവത്ക്കരണ പരിപാടികളും ക്ലാസ്സുകളും പഞ്ചായത്തിന്റെവ്യാവസായ വകുപ്പ് ഹെൽപ്പ് ഡെസ്ക് ഓഫീസർ മുഖാന്തിരം നടപ്പിലാക്കേണ്ടതാണ്. ചെറുകിട യൂണിറ്റുകൾ ആരംഭിക്കുന്നതിന് ബാങ്കിൽ നിന്നും ടേം-ലോൺ, സ്റ്റാർട്ടപ്പ് ലോൺ, മറ്റ് സബ്സിഡികളും സംരംഭകർക്ക് അനുവദിക്കുന്നതിന് ബാങ്കേർസ് മീറ്റ് നടത്തി കാര്യക്ഷമമായ രീതിയിൽ മുന്നോട്ട് പോകേണ്ടതുണ്ട്.

ദാരിദ്ര ലഘൂകരണം

സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീടും സ്ഥലവും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. പാട്ടകൃഷി വ്യാപകമാക്കി അന്നമനട ഗ്രാമപഞ്ചായത്ത് തരിശു രഹിതപഞ്ചായത്തായി ഉയർത്തുക. തൊഴിൽ പരിശീലനം നൽകിയവരിൽ നിന്ന് വേണ്ടത്ര തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ഭവന നിർമ്മാണ പദ്ധതികൾ സാമ്പത്തിക ബുദ്ധിമുട്ട് കാരണം യഥാസമയം പൂർത്തികരിക്കുവാൻ സാധിച്ചിട്ടില്ല. മാലിന്യ നിർമ്മാർജ്ജനത്തിനായി വ്യക്തികൾക്ക് ബയോഗ്യാസ് പ്ലാൻറുകളും പൈപ്പ് കമ്പോസ്റ്റുകളും വിതരണം ചെയ്യുന്ന പദ്ധതി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. ഭവനനിർമ്മാണ പദ്ധതികൾ, കന്നുകുട്ടി പരിപാലനപരിപാടികൾ തുടങ്ങിയവ കഴിഞ്ഞ പദ്ധതിക്കാലത്ത് നടപ്പിലാക്കി വിജയം കണ്ടവയാണ്. എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ഭവനം നിർമ്മിച്ച് നൽകുന്ന പദ്ധതി ഏറ്റെടുക്കേണ്ടതാണ്.

സാമൂഹ്യക്ഷേമം

ഒരാളുപോലും വൃദ്ധസദനത്തിൽ ഇല്ലാത്ത പഞ്ചായത്താക്കി അന്നമനട പഞ്ചായത്തിനെ മാറ്റണം എന്ന് സ്വപ്ന സാക്ഷാൽക്കാരത്തിനായി പകൽവീടുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കുകയും ആരോഗ്യ-മാനസിക-വിനോദ ശാക്തീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നു. വയോജന ഹെൽപ് ഡെസ്ക് കാര്യക്ഷമമാക്കുകയും പകൽവീടുകളെ Knowledge Resource കേന്ദ്രങ്ങളാക്കുകയും ചെയ്തുവരുന്നു. മുതിർന്ന പൌരൻമാർക്ക് എല്ലാ ദിവസവും പാലിയേറ്റീവ് പരിചരണം ഉറപ്പാക്കുകയും അർഹരായ എല്ലാ മുതിർന്ന പൌരമാർക്കും പെൻഷൻ വിതരണം മുടക്കം വരാതെ നൽകേണ്ടതുണ്ട്. മുതിർന്ന പൌരൻമാർക്ക് വഴിയോര വിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കുന്നതോടൊപ്പം ഹെൽത്ത് ക്ലബ് & ഓപ്പൺ ജിം ആരംഭിക്കുന്നതിനുള്ള പ്രവർത്തികൾ അവസാനഘട്ടത്തിൽ എത്തിനിൽക്കുന്നതാണ്. നിയമപരിരക്ഷ ഉറപ്പാക്കുകയും വയോജന കായികമത്സരങ്ങൾ സംഘടിപ്പിക്കുകയും

പട്ടികജാതി വികസനം

പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തികപരമായും വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും പിന്നോക്കാവസ്ഥയിൽ നിന്നും സാമൂഹ്യ സാമ്പത്തിക പുരോഗതിയ്ക്കായി നാളിതുവരെയുള്ള നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെല്ലാം പൂർണ്ണമായും ഒരു അടിത്തറ ഉണ്ടാക്കി കൊടുക്കാവാൻ സാധിച്ചിട്ടില്ല. ഓരോ സാമ്പത്തിക വർഷങ്ങളിലും വീട് മെയിൻറനൻസ്, വിവാഹധന സഹായം, പഠനമുറി, ലാപ്ടോപ്പ്, സ്കോളർഷിപ്പുകൾ എന്നിവ നൽകി പട്ടികജാതി വിഭാഗത്തിൻറെയിടയിൽ ഒരു താല്ക്കാലിക സാമ്പത്തിക ഭദ്രത

ഉണ്ടാക്കി പഞ്ചായത്തിന്റെനേതൃത്വത്തിൽ നൽകുന്നുണ്ട്. പട്ടികജാതി കോളനികളിലും സങ്കേതങ്ങളിലും കുടിവെള്ള പദ്ധതികളും, റോഡ് നിർമ്മാണം ടാറിങ്ങ് & റീടാറിങ്ങ് ഉൾപ്പടെ കാന, ഡ്രൈനേജ് നിർമ്മാണം എന്നിവ സമയബന്ധിതമായി നൽകി വരുന്നുണ്ട്. തൊഴിലില്ലായ്മയും അടിസ്ഥാനസൌകര്യങ്ങളുടെ അപര്യാപ്തതയും അനാരോഗ്യമായ ചുറ്റുപാടുകളും ഈ വിഭാഗത്തെ ഇപ്പോഴും വേട്ടയാടുന്നുണ്ട്.

<u>വനിത ശിശു വികസനം</u>

അന്നമനട ഗ്രാമപഞ്ചായത്തിലെ 31 അംഗൻവാടികളിൽ 29 അംഗൻവാടികൾക്ക് സ്വന്തമായിട്ട് കെട്ടിടമുണ്ട്. അതിൽ തന്നെ 10 അംഗൻവാടികൾ സ്മാർട്ട് അംഗൻവാടികളായി പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞു. വനിതകളുടെ ഉന്നമനത്തിനായി 10 ശതമാനം ഫണ്ട് മാറ്റി വച്ചിട്ടുണ്ട്. അംഗൻവാടി പോഷകാഹാരം, അഡോളസെൻറ് ഫീഡിങ്ങ്, ടി.എച്ച്.ആർ.എസ്. എന്നീ പ്രൊജക്ടുകൾ പദ്ധതിയിൽ നിർബന്ധമായും വകയിരുത്തി വരുന്നു. കുട്ടികൾക്കുവേണ്ടി ബാലസഭ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിപോരുന്നുണ്ട്. കുടുംബശ്രീ വഴി സ്ത്രീകളുടെ ഉന്നമനത്തിനായി വിവിധ വ്യത്യാസങ്ങളായ പ്രവർത്തനങ്ങൾ നടന്നുകഴിഞ്ഞു. ഇതുവഴി ചെറുകിട സാമ്പത്തിക വ്യവസായ യൂണിറ്റുകൾ രൂപീകരിക്കുന്നതിന് സ്ത്രീകളെ പ്രാപ്തരാക്കി. വനിത – ശിശു പ്രധാന്യത്തിൽ ഊന്നികൊണ്ട് സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനും സുരക്ഷിതത്വത്തിനും പുരോഗമനത്തിനും അടിസ്ഥാനപരമായി ഒരു അടിത്തറ ഉണ്ടാകി കൊടുക്കേണ്ടതാണ്. അങ്ങനെ സ്ത്രീകളെ അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് എത്തിക്കാൻ സാധിക്കും.....

<u>ആരോഗ്യം</u>

ചാലക്കുടി പുഴയുടെ കിഴക്കേകരയിലും പടിഞ്ഞാറെ കരയിലുമായി പഞ്ചായത്തിലെ വാർഡുകൾ സ്ഥിതി ചെയ്യുന്നു. 2500 ഹെക്ടർ ഭൂവിസ്തൃതിയുള്ള തികച്ചും ഒരു കാർഷിക ഗ്രാമമാണ് അന്നമനട. പതിനെട്ട് വാർഡുകളിലായി 30158 ആളുകൾ പാർക്കുന്ന ഗ്രാമപഞ്ചായത്ത് പൊതുജനാരോഗ്യപരിരക്ഷ പ്രധാനം ചെയ്യുന്നതിന് താഴെ പറയുന്ന സേവനദാതക്കളാണ് ഉള്ളത്.

1. പ്രാഥമികാരോഗ്യ കേന്ദ്രം മാമ്പ്ര
2. എരയാംകുടി സർക്കാർ ആയുർവ്വേദ ആശുപത്രി
3. അന്നമനട സർക്കാർ ആയുർവ്വേദ ആശുപത്രി
4. ഹോമിയോ ഡിസ്പെൻസറി, എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറി

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ 20 വാർഡുകളിലേക്കായി 38 ആശവർക്കർമാരുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഒരു പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

നിലവിലുള്ള സർക്കാർ സംവിധാനങ്ങളായ പ്രാഥമികാരോഗ്യകേന്ദ്രം, ഉപകേന്ദ്രങ്ങൾ, ആയുർവ്വേദ ആശുപത്രി ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി എന്നിവയുടെ സേവനങ്ങളുടെ ആഴവും പരപ്പും കൂട്ടാനുള്ള സംയോജനത്തിന്റെ അഭാവം ഈ മേഖലയിലെ വെല്ലുവിളികളാണ്.

കുടിവെള്ളം, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം

കുടിവെള്ള ക്ഷാമം കുറയ്ക്കുന്നതിനായി ജലസേചന സംവിധാനത്തെ ഊർജ്ജിതപ്പെടുത്തിവരുന്നു. പഞ്ചായത്തിന് 12 ജലസേചന പദ്ധതികളും 16 ചെറുകിട ജലസേചന പദ്ധതികളും ഉണ്ട്. പൊതുടാപ്പുകളിൽ വരുന്ന ജലലഭ്യത വളരെ കുറവാണ്. പരിപൂർണ്ണമായി ശുചിത്വ പരിപാടികൾ നടപ്പാക്കുന്നതിന് വേണ്ടത്ര ഉപാധികൾ കണ്ടെത്താനായിട്ടില്ല. പൊതുസ്ഥലങ്ങളിലെ മാലിന്യനിക്ഷേപം വളരെ കൂടുതലാണ്. പരന്നു നിറയുന്ന പച്ചപ്പും ജലസമൃദ്ധിയുമാണ് അന്നമനട ഗ്രാമത്തിന്റെമുഖമുദ്രകളായി കരുതപ്പെടുന്നത്. പഞ്ചായത്തിലെ 80 ശതമാനം ജനങ്ങളും സ്വന്തം കിണറിനെ ആശ്രയിക്കുന്നു. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലും താഴ്ന്നപ്രദേശങ്ങളിലും കുടിവെള്ളക്ഷാമം അനുഭവിക്കുന്നു. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെഅധീനതയിൽ ജലനിധി പദ്ധതി നടന്നുകൊണ്ടിരിക്കുന്നു. ആരോഗ്യമേഖലയിലെയും സാംസ്കാരിക മേഖലയിലെയും മറ്റു സന്നദ്ധപ്രവർത്തകരെയും കൂടിയിണക്കി പഞ്ചായത്തിന്റെനേതൃത്വത്തിൽ ശുചിത്വ പ്രവർത്തനങ്ങളും ബോധവത്ക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. മാലിന്യ നിർമ്മാർജ്ജനത്തിനായി ഹരിത കർമ്മസേനയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കേണ്ടതുണ്ട്. ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം എന്നിവയിൽ സ്കൂൾ അടക്കമുള്ള പ്രാദേശിക സമൂഹത്തിന്റെഇടപെടൽ ശക്തമാക്കണം. പൊതുമാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലവും സൌകര്യങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്.

വിദ്യാഭ്യാസം, കല, സംസ്കാരം, സ്പോർട്സ്

അന്നമനട പഞ്ചായത്ത് ഒരു കാർഷികാധിഷ്ഠിത പ്രദേശമാണ്. ജനസംഖ്യയിൽ ഭൂരിഭാഗവും കൃഷിയും കൃഷിയോടനുബന്ധിച്ച തൊഴിലിലും ഏർപ്പെട്ടുജീവിക്കുന്നു. സ്ഥലവാസികൾക്ക് അനായാസേന ഉച്ചരിക്കാൻ കഴിയുന്നതും അന്യദേശക്കാർക്ക് ഉച്ചരിക്കാൻ ഏറെ വൈഷമ്യം അനുഭവപ്പെടുന്നതുമായ അന്നമനട എന്ന താളാത്മകമായ സ്ഥലനാമത്തിന്റെ

ഉത്ഭവത്തെക്കുറിച്ച് വ്യക്തമായ ചരിത്രരേഖകൾ ലഭ്യമല്ല. ക്ഷേത്രത്തിന്റെ രൂപകല്പനയും പത്ത് ദിവസങ്ങൾ നീളുന്ന ഉത്സവാഘോഷപരിപാടികളും കൊച്ചിരാജഭരണത്തിനു മുമ്പ് തുടങ്ങിയതാണ്. അന്നമനട എന്നു കേൾക്കുമ്പോൾ ആരുടേയും മനസ്സിൽ ആദ്യം ഓടിയെത്തുന്നത് അന്നമനട മഹാദേവക്ഷേത്രവും, പഞ്ചവാദ്യകലയുമാണ്. പൌരന്മാർക്കുവേണ്ടിയുള്ള ക്ഷേമത്തിന് പ്രഥമ പരിഗണന നല്കുന്നതാണ് പഞ്ചായത്തിന്റെവികസന ഗാഥയുടെ മുഖമുദ്ര. ജനങ്ങൾക്കുവേണ്ടിയുള്ള സമർപ്പിത പ്രവർത്തനങ്ങൾ തുടരുന്നതിന്റെഭാഗമായി വിദ്യാഭ്യാസം, കല, സംസ്കാരം, സ്പോർട്സ് എന്നീ മേഖലകളിൽ നിരവധി പഞ്ചായത്ത് ചെയ്തുവരുന്നത്. 6 പൊതുജന വായനശാലകളും ഒരു പഞ്ചായത്ത് ഡിജിറ്റൽ ലൈബ്രറിയും അടങ്ങുന്ന വിപുലമായ വിജ്ഞാന സ്രോതസ്സുകളും 12 ക്ലബ്ബുകളും പഞ്ചായത്തിലെ കലാസംസ്കാരിക മേഖല സജീവമാക്കുന്നു.

<u>പൊതുമരാമത്ത്</u>

അന്നമനട ഗ്രാമപഞ്ചായത്തിലെ ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ ഗതാഗതയോഗ്യമാക്കുകയും പുതിയ റോഡുകൾ രൂപം നൽകുകയും കാൽനട റോഡുകളുടെ വീതി കൂട്ടി ഗതാഗത സൌകര്യം മെച്ചപ്പെടുത്തിയും അതിലൂടെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുവാനും സാധിച്ചു. പരിമിതമായ നിളത്തിൽ ഉണ്ടായിരുന്ന ടാറിംഗ് റോഡുകളുടെ നീളം വർദ്ധിപ്പിക്കുകയും നിലവാരമുള്ള "Concrete Interlock" റോഡുകളുടെ നിർമ്മാണം നടത്തുകയും പുതുയ മണ്ണ് റോഡുകൾ രൂപപ്പെടുത്തുകയും ചെയ്തു. യാത്ര സൌകര്യങ്ങൾ മെച്ചപ്പെട്ടതിന്റെഭാഗമായി ആരോഗ്യം, വിദ്യാഭ്യാസം, വാണിജ്യം എന്നീ മേഖലകളിൽ വികസനം മെച്ചപ്പെടുത്തുന്നതിനായി പുഴയ്ക്ക് കുറുകെ പാലം നിർമ്മിച്ച് രണ്ട് തുരുത്തുകളെ തമ്മിൽ യോജിപ്പിക്കുകയും ഡിസ്പെൻസറികൾ (മാമ്പ്ര, കമ്പിടി വെറ്റിനെറി ഹോസ്പിറ്റൽ) ആയുർവേദ ഹോസ്പിറ്റൽ, ബസ് സ്റ്റാൻഡ്, ബസ് സ്റ്റാൻഡ് കോംപ്ലക്സ്, മാർക്കറ്റ്, പൊതുശൌചാലയങ്ങൾ കൂടുതൽ അംഗൻവാടികൾ, നിലവാരമുള്ള സ്കൂൾ കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് സാധിച്ചു. പഞ്ചായത്തിലെ വിവിധ കുളങ്ങൾ കെട്ടി സംരക്ഷിച്ച് ആയത് ജലസ്രോതസുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സാധിച്ചു. പാണ്ടിക്കാരൻ കുളം, പുറക്കുളം, പ്ലാക്കത്തറകുളം, പുൽപാൻകുളം, നങ്ങ്യാരുകുളം, അമ്പഴങ്ങാട് കുളം, പാരിക്കാപ്പിള്ളി കുളം, പുത്തൻകുളം, എരയാംകുടി തുറ, വെണ്ണൂത്തുറ ചിറയാംപാൽ തുടങ്ങിയവ നവീകരിക്കാൻ സാധിച്ചു. പഞ്ചായത്തിലെ നീർച്ചാലുകൾ സംരക്ഷിക്കുന്നതിന്റെഭാഗമായ് തോടുകൾ വൃത്തിയാക്കി കെട്ടി സംരക്ഷിച്ച് അതുവഴി ജലസേചനം നടത്തി കാർഷിക മേഖലയെ മെച്ചപ്പെടുത്തുകയുണ്ടായി. പഞ്ചായത്തിന്റെസാമൂഹ്യ സാമ്പത്തിക വികസനത്തിനും മാനവിക ക്ഷേമത്തിനും ഊർജ്ജം നിർണായക പങ്ക് വഹിക്കുന്നതോടൊപ്പം പ്രദേശത്തിന്റെസാമ്പത്തിക വികസനത്തിൽ ഗതാഗതത്തിന് ഗണ്യമായ സ്ഥാനം നൽകികൊണ്ടാണ് പഞ്ചായത്ത് മുന്നോട്ട് പോകുന്നത്. എന്നിരുന്നാലും സ്ഥിതിഗതികൾ

മെച്ചപ്പെടുത്തി മാതൃകപരമായി നിലവാരം ഉയർത്തേണ്ടതുണ്ട്. എല്ലാ കുടുംബങ്ങൾക്കും വൈദ്യുതി എത്തിക്കുവാൻ ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. പ്രധാന റോഡുകളിലെല്ലാം തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. അന്നമനട സെൻററിലെ ഷോപ്പിംഗ് കോംപ്ലെസിൽ ട്രഷറിയുടെ പ്രവർത്തനം പുനരാരംഭിക്കുകയും ബസ്സ് സ്റ്റാന്റിലെ ഷോപ്പിംഗ് കോംപ്ലെസിൽ പുതിയ ഡിജിറ്റൽ ലൈബ്രറിയുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ഡിജിറ്റൽ ലൈബ്രറിയുടെ നിർമ്മാണം അവസാന ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. എക്കാട്ടിത്തോട്, വൻതോട്, മാമ്പ്രാപിള്ളിതോട്, കല്ലുപാലം തോട് എന്നിവ കെട്ടി സംരക്ഷിച്ചിട്ടുള്ളതാണ്. പഞ്ചായത്തിൽ നിലവിലുള്ള പലറോഡുകളും തകർന്ന് സഞ്ചാരയോഗ്യമല്ലാത്തായിരിക്കുന്നതിനാൽ അടിയന്ത്രിതമായി അറ്റകുറ്റപ്പണി നടത്തേണ്ടതുണ്ട്. ഉപയോഗിക്കാത്ത വൈദ്യുതിക്കും തുക നൽകുന്ന സംവിധാനം ഒഴിവാക്കുന്നതിന് തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം. തെരുവു വിളക്കുകളുടെ അറ്റകുറ്റ പണികൾ യഥാസമയം നടത്തണം. എല്ലാ തെരുവ് വിളക്കുകളും സി.എഫ്.എൽ. ലൈറ്റുകളാക്കി മാറ്റേണ്ടതുണ്ട്.

## അദ്ധ്യായം – 4

## വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

സമാനതകളില്ലാത്ത അതിരൂക്ഷമായ പ്രളയമാണ് 2018 ആഗസ്റ്റ് മാസത്തിൽ കേരളം നേരിട്ടത്. അന്നമനട ഗ്രാമപഞ്ചായത്തിന്റെ95 ശതമാനം ഭൂപ്രദേശവും വീടുകളും പ്രളയത്താൽ മൂടി. ഏകദേശം 3600 വീടുകളിൽ പ്രളയജലം കയറുകയും 80ൽപരം വീടുകൾ പൂർണ്ണമായും തകരുകയും ചെയ്തു. 850ൽ പരം വീടുകൾക്കും 487 കടകൾക്കും ഭാഗികമായി നാശനഷ്ടം സംഭവിക്കുകയും ചെയ്തു. കൃഷിയും മൃഗങ്ങളും വൻതോതിൽ നഷ്ടപ്പെട്ടു. തദ്ദേശ വാസികളുടേയും മറ്റുള്ളവരുടേയും ജാതിമത രാഷ്ട്രീയഭേദമന്യേയുള്ള ഇടപെടലുകൾ മൂലം പ്രളയക്കെടുതിയിൽ നിന്ന് കര കയറുവാൻ സാധിച്ചുവെങ്കിലും ജനങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ നികത്താനാവാത്തതാണ്. 2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയവും അന്നമനട ഗ്രാമപഞ്ചായത്തിന്റെഏതാനും പ്രദേശങ്ങളെ ബാധിച്ചു. 4 ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുകയും ഏകദേശം 500 കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിക്കുകയും ചെയ്തു. കാർഷിക മേഖലക്ക് കനത്ത നാശനഷ്ടമാണ് പ്രളയം വരുത്തിവച്ചത്. ഇരുപ്രളയത്തിലുമായി അന്നമനട ഗ്രാമപഞ്ചായത്തിലെ കാർഷിക - വ്യാവസായിക - വാണിജ്യ മേഖലകളിൽ രൂക്ഷമായ പ്രതിസന്ധിയുണ്ടായി. ആയതിനെ അതിജീവിക്കുന്നതിന് കഠിനശ്രമങ്ങൾ നടത്തിവരുകയാണ്. കർഷകർക്കും, വാണിജ്യ – വ്യവസായികൾക്കും കനത്ത നാശനഷ്ടം വരുത്തിയ പ്രളയം അനേകം പേരുടെ ഉപജീവനമാർഗ്ഗം തന്നെ ഇല്ലാതാക്കി.

അന്നമനട പഞ്ചായത്തിലെ ജനങ്ങളോടൊപ്പം ജലവും മറ്റ് പ്രകൃതി സമ്പത്തുകളും സ്വാഭാവിക അതിരുകളും മണ്ണും സംരക്ഷിക്കുക എന്നതാണ് ദുരന്ത ലഘൂകരണ പ്രവർത്തനത്തിൽ ഏറ്റവും പ്രധാനമായിട്ടുള്ളത്. കുറേ തോടുകൾ ഒരു സ്വാഭാവിക പ്രതിഭാസമെന്ന നിലയിൽ ചെളി നിറഞ്ഞ് വെള്ളത്തിന്റെഒഴുക്ക് നഷ്ടപ്പെട്ട രീതിയിലാണ് കാണുന്നത്. ചുരുക്കം ചില സ്ഥലങ്ങളിൽ തോട് കയ്യേറി മണ്ണിട്ട് മൂടിയിട്ടുള്ളതാണ്. മുഖ്യമായും കെ.എൽ.ഡി. കനാൽ ചണ്ടിയും ചെളിയും നിറഞ്ഞ് വെള്ളപ്പൊക്കത്തിന്റെസാധ്യത എല്ലാ വർഷവും ഭീതി ജനിപ്പിക്കുകയാണ്. ആയത് ആഴം കൂട്ടുകയോ ചണ്ടി, ചെളി എന്നിവ വർഷാവർഷങ്ങളിൽ നീക്കം ചെയ്താൽ മാത്രമേ ദുരന്ത ലഘൂകരണത്തിന് ചെറിയൊരു നിയന്ത്രണം വരുത്തുവാൻ സാധിക്കുകയുള്ളൂ. ജൈവ അജൈവ മാലിന്യങ്ങൾ നിരവധിയായി വെള്ളത്തിലേക്ക് നിക്ഷേപിക്കുന്ന ഒരു പ്രവണത ജനങ്ങളിൽ കണ്ടുവരുന്നു. ആയതും ജലത്തിന്റെസ്വാഭാവിക നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നു. ആറ് മാസക്കാലം കൊടും വരൾച്ചയിലും ആറ് മാസക്കാലം വെള്ളപ്പൊക്കത്തിന്റെഭീഷണിയിലും നട്ടം തിരിയുന്ന

ഒരു സ്ഥിരം പ്രതിഭാസത്തിലേക്ക് നമ്മൾ എത്തിച്ചേർന്നിരിക്കുകയാണ്. വർഷക്കാലത്ത് ലഭിക്കുന്ന ജലം മഴവെള്ള സംഭരണിയിലൂടെ കിണറുകളിലും മറ്റും സ്റ്റോറേജ് ചെയ്ത് നിർത്തുന്നതിനും അതിവർഷം നടത്തുന്ന സമയത്ത് സ്വാഭാവിക ഒഴിക്ക് തടസ്സപ്പെടുത്തുന്ന എല്ലാ തോടുകളും കൈതോടുകളും തുറന്നിടുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമായി വന്നിരിക്കുകയാണ്. ഇനി ഞാൻ ഒഴുകട്ടെ എന്ന പ്രവർത്തനത്തിലൂടെ ജല സംരക്ഷണം ബോധവൽക്കരിക്കാൻ അന്നമനട ഗ്രാമപഞ്ചായത്ത് ശ്രമിച്ചു വരുന്നു. തുടർന്നും ഇത്തരം പ്രവർത്തനങ്ങൾ ജനങ്ങൾക്കൊപ്പം നടത്തി ഭാവി തലമുറയ്ക്ക് കോട്ടം വരാത്ത രീതിയിൽ നടപ്പിലാക്കുന്നതാണ്. കഴിഞ്ഞ രണ്ട് പ്രളയത്തിലും മേൽമണ്ണിന്റെ5 സെ.മീ. ഭാഗം നഷ്ടപ്പെട്ടതായി വിലയിരുത്തുന്നു. ഉയർന്ന പ്രദേശങ്ങളിൽ നിന്നും അടിഞ്ഞുകൂടിയ എക്കല് മണ്ണ് എത്രത്തോളം കൃഷി യോഗ്യമാകുമെന്ന് കർഷകർ  ആശങ്കയോടെ നോക്കി കാണുന്നു. ജല സംരക്ഷമം പോലെ തന്നെ പ്രാധാന്യമുള്ള വിഷയമാണ് മണ്ണ് സംരക്ഷണവും. മണ്ണ് നഷ്ടപ്പെടുന്നത് പോലെ തന്നെ പ്രധാനമാണ് ഭൂമിയുടെ ഉൽപ്പാദന ക്ഷമത ഇല്ലാതാകുന്നത്.

തരിശുരഹിത ഗ്രാമം പദ്ധതി ഉപയോഗപ്പെടുത്തി മേഖലയിലെ വിവിധ തരിശു പ്രദേശങ്ങൾ കൂട്ടുകൃഷി മാതൃകയിൽ പച്ചക്കറികൾ കൃഷി നടത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും, ഇത്തരം ഉൽപ്പന്നങ്ങളുടെ വിപണി കണ്ടെത്തി വിൽപ്പന നടത്താനുള്ള വിപണന കേന്ദ്രം ആരംഭിക്കേണ്ടതും കാർഷികമേഖലയുടെ അനിവാര്യതയാണ്, മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിച്ച് ഉൽപ്പന്നങ്ങൾ വിപണന കേന്ദ്രം വഴി വിതരണം ചെയ്യുന്നതും, നെല്ല് സംഭരിക്കുന്നതിനുള്ള സാധ്യത പഠനങ്ങൾ നടത്തി ഇതിന്റെ പ്രദേശത്തെതെ സാധ്യതകൾ കണ്ടെത്തുകയും തുടന്ന് പ്രദേശത്തിന്റെ സ്വന്തം നെല്ല് എന്ന ആശയം നടപ്പിലാക്കാനുള്ള സാധ്യതകൾ പരിശോധിക്കും. കൂടാതെ ഇത്തരം വിവിധ ഉൽപ്പന്നങ്ങൾക്ക് ജിയോ ടാഗ് ലഭ്യമാക്കുന്നതിനുള്ള പരിശ്രമണങ്ങളും നടത്തി നാടിന്റെ ഖ്യാതി പരമാവധി വ്യാപിപ്പിക്കാൻ ശ്രമിക്കും

കന്നുകാലി പരിപാലനം, മുട്ടക്കോഴി വളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ, ആട്ടുവളർത്തൽ മുതലായവയിൽ താൽപര്യമുള്ളവരെ കണ്ടെത്തി വേണ്ട സാങ്കേതിക പരിശീലനം നൽകുകയും, സാമ്പത്തിക സഹായം ഉറപ്പുവരുത്തേണ്ടതും മേഖലയുടെ വികസനത്തിന് അത്യാവശ്യമാണ്. സ്വകാര്യപങ്കാളിത്തത്തോടെയും സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും മേഖലയുടെ വികസന സാധ്യതകൾ പരിശോധിക്കേണ്ടതുണ്ട്. കൂടാതെ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യംവച്ചുകൊണ്ട് പ്രദേശത്തിന്റെ പരിസ്ഥിതി, കാലാവസ്ഥ എന്നിവ കൂടി പരിഗണിച്ച് ആവശ്യമായ ശാസ്ത്രീയ പഠനങ്ങൾ നടത്തുകയും വേണ്ട മാർഗ നിർദേശങ്ങൾ രൂപീകരിക്കുകയും ചെയ്യേണ്ടതാണ്.

## അദ്ധ്യായം – 5

## വിഭവസ്രോതസ്സുകളും വകയിരുത്തലുകളും

| ക്രമ നമ്പർ | വിഭവ സ്രോതുകൾ | | | | തുക |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് | (i) | പൊതു വിഭാഗം | | 365,24,000 |
| | | (ii) | പട്ടികജാതി ഉപപദ്ധതി | | 90,12,000 |
| | | (iii) | പട്ടികവർഗ ഉപപദ്ധതി | | 0 |
| | | (iv) | പതിനാലാം ധനകാര്യ കമ്മീഷൻ അടിസ്ഥാന വിഹിതം | ടൈഡ് | 0 |
| | | | | അൺടൈഡ് | 0 |
| | | | ആകെ | | 455,36,000 |
| 2 | മെയിൻറനൻസ് ഫണ്ട് | (i) | റോഡ് ഇതരം | | 204,50,000 |
| | | (ii) | റോഡ് | | 214,65,000 |
| | | | ആകെ | | 419,15,000 |
| 3 | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആരോഗ്യ ഗ്രാൻറ് | | | | |
| 4 | പതിനഞ്ചാം ധനകാര്യ കമ്മീഷൻ നഗരസഞ്ചയ ഗ്രാൻറ് | | | | |
| 5 | തനത് ഫണ്ട് (ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പെടെ) | | | | 42,42,920 |
| 6 | സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം | | | | 25,00,000 |
| 7 | കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | | | | 16,00,000 |
| 8 | വായ്പ – മറ്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്ന് | | | | 0 |
| 9 | വായ്പ – മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് | | | | 0 |
| 10 | ഗുണഭോക്തൃ വിഹിതം – പഞ്ചായത്തിൽ അടക്കുന്നത് | | | | 70,000 |
| 11 | ഗുണഭോക്തൃ വിഹിതം – ഗുണഭോക്താവ് നേരിട്ട് വഹിക്കുന്നത് | | | | 3,02,250 |
| 12 | സന്നദ്ധ സേവനം | | | | 0 |

| | | | |
|---|---|---|---|
| 13 | സംഭാവന | | 0 |
| 14 | മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം | ഗ്രാമപഞ്ചായത്തുകളിൽ നിന്ന് | 0 |
| | | ബ്ലോക്ക്പഞ്ചായത്തുകളിൽ നിന്ന് | 38,00,000 |
| | | ജില്ലാ പഞ്ചായത്തുകളിൽ നിന്ന് | 37,00,000 |
| | | മുനിസിപ്പാലിറ്റികളിൽ നിന്ന് | 0 |
| | | കോർപ്പറേഷനിൽ നിന്ന് | 0 |
| | | നഗരസഞ്ചയ ഗ്രാന്റിൽ നിന്നുള്ള വിഹിതം | 0 |
| | | ആകെ | 75,00,000 |
| 15 | മറ്റുള്ളവ | | 0 |
| | ആകെ മൊത്തം | | 852,61,170 |

# അദ്ധ്യായം 6
## 2026-27 വാർഷിക പദ്ധതി
## പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും

| Sl. No. | ProjNo | ProjectName | Plan General | SCP | Specialgr | CSS | SSS | OwnFund | BP | DP | NonRoad | Road | Other Fund | Tot |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1 | 2026-27 പദ്ധതി രൂപീകരണം നിർവഹണം മോണിറ്ററിങ്ങ് | 150000 | 0 | 0 | 0 | 0 | 50000 | 0 | 0 | 0 | 0 | 0 | 200000 |
| 2 | 2 | 2026-27 ഐകെഎം വിഹിതം നൽകൽ | 125000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 125000 |
| 3 | 3 | 2026-27 പ്രോജക്ട് അസിസ്റ്റന്റ് വേതനം | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 0 | 0 | 0 | 300000 |
| 4 | 4 | 2026-27 ടെക്നിക്കൽ അസിസ്റ്റന്റ് വേതനം | 0 | 0 | 0 | 0 | 0 | 396000 | 0 | 0 | 0 | 0 | 0 | 396000 |
| 5 | 5 | 2026-27 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 1800000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1800000 |
| 6 | 6 | 2026-27 പൂവ്വത്തുശ്ശേരി ഗവഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 0 | 250000 |
| 7 | 7 | 2026-27 അന്നമനട എൻ എച്ച് എം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 300000 |
| 8 | 8 | 2026-27 ഹോമിയോ ആശുപത്രി-കണ്ടിജൻസി ചെലവുകൾക്ക് തുക അനുവദിക്കൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 30000 | 0 | 0 | 30000 |
| 9 | 9 | അങ്കണവാടി പോഷകാഹാര പദ്ധതി | 1000000 | 0 | 0 | 1600000 | 0 | 0 | 0 | 400000 | 0 | 0 | 0 | 3000000 |
| 10 | 10 | 2026-27 അന്നമനട ഗ്രാമപഞ്ചായത്ത് പൂവത്തുശ്ശേരി ഗവഹോമിയോ ഡിസ്പെൻസറിയിലേക്ക് ലാപ്ടോപ്പ് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 11 | 11 | 2026-27 എസ് എസ് എ വിഹിതം നൽകൽ | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 12 | 12 | 2026-27 ബിഹേവിയർ തെറാപ്പിസ്റ്റിന് വേതനം | 0 | 0 | 0 | 0 | 0 | 250000 | 0 | 0 | 0 | 0 | 0 | 250000 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 13 | 13 | 2026-27 ബാലസൗഹൃദ പഞ്ചായത്ത് തികവിന്റെ കേന്ദ്രം | 355000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 355000 |
| 14 | 14 | 2026-27 ഹെഡ് മാസ്റ്റർ-കണ്ടിജൻസി ചെലവുകൾക്ക് തുക അനുവദിക്കല് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 200000 |
| 15 | 15 | 2026-27 അന്നമനട ഗ്രാമപഞ്ചായത്ത് സ്പോർട്സ് അക്കാദമി | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 16 | 16 | 2026-27 അന്നമനട ഗ്രാമപഞ്ചായത്ത് ഗവ ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2300000 | 0 | 0 | 2300000 |
| 17 | 17 | 2026-27 എരയാംകുടി ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 0 | 600000 |
| 18 | 18 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 1300000 | 0 | 0 | 0 | 0 | 0 | 500000 | 200000 | 0 | 0 | 0 | 2000000 |
| 19 | 19 | ഭവന പുനരുദ്ധാരണം എസ് സി | 0 | 1300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1300000 |
| 20 | 20 | 2026-27 ജാഗ്രത സമിതി പ്രവർത്തനങ്ങൾ | 240000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 240000 |
| 21 | 21 | 2026-27 ഭിന്നശേഷി കലോത്സവം | 75000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 75000 |
| 22 | 22 | 2026-27 സമേതം സമഗ്ര വിദ്യാഭ്യാസ പരിപാടി | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 23 | 23 | 2026-27 അക്കൌണ്ടന്റ് കം ഐടി എക്സ്പെർട്ടിന് വേതനം | 30000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 30000 |
| 24 | 24 | 2026-27തെരുവ് വിളക്ക് മെയിന്റനൻസ് | 0 | 0 | 0 | 0 | 0 | 500000 | 0 | 0 | 0 | 0 | 0 | 500000 |
| 25 | 25 | 2026-27തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങൽ | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 26 | 26 | 2026-27 ഐ എസ് ഒ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ | 60000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 60000 |
| 27 | 27 | 2026-27 കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും എ എംസി | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 |
| 28 | 28 | മാള എഫ് എച്ച് സി യിലേക്ക് ഡോക്ടർ ഫാർമസിസ്റ്റ് വേതനം | 0 | 0 | 0 | 0 | 0 | 1036920 | 0 | 0 | 0 | 0 | 0 | 1036920 |
| 29 | 29 | 2026-27 അങ്കണവാടി കലോത്സവം | 30000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 30000 |
| 30 | 30 | ലൈഫ് ഭവന പദ്ധതി എസ് സി | 0 | 2300000 | 0 | 0 | 1500000 | 0 | 1500000 | 1200000 | 0 | 0 | 625000 | 7125000 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 31 | 31 | അങ്കണവാടികളിലേക് തൂക്കയന്ത്രങ്ങൾ വാങ്ങൽ | 80000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 80000 |
| 32 | 32 | 2026-27 പട്ടികജാതി പെൺകുട്ടികൾക്ക് ധനസഹായം | 0 | 1250000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1750000 |
| 33 | 33 | 2026-27 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് | 17000 | 783000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 800000 |
| 34 | 34 | 2026-27 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി | 0 | 1200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1200000 |
| 35 | 35 | 2026-27 എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 1110000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1110000 |
| 36 | 36 | 2026-27 മിശ്രവിവാഹിതർക്ക് ധനസഹായം | 0 | 375000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 375000 |
| 37 | 37 | 2026-27 ഭവനം വാസയോഗ്യമാക്കൽ ജനറൽ | 2000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2000000 |
| 38 | 38 | 2026-27 പിഎം എവൈജി ഗ്രാമപഞ്ചായത്ത് വിഹിതം | 350000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 350000 |
| 39 | 39 | പെയിൻ ആൻഡ് പാലിയേറ്റിവ് കെയർ | 1100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1100000 |
| 40 | 40 | മാമ്പ എഫ് എച്ച് സി യിലേക്ക് മരുന്നുകളും കൺസ്യൂമബിൾസും വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1500000 | 0 | 0 | 1500000 |
| 41 | 41 | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 42 | 42 | 2026-27 പകൽവീട് മെയിന്റനൻസ് | 333060 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 333060 |
| 43 | 43 | ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന് വാഹന വാടക | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 70000 | 0 | 0 | 70000 |
| 44 | 44 | പാലിന് സബ്സിഡി | 450000 | 0 | 0 | 0 | 0 | 0 | 350000 | 450000 | 0 | 0 | 0 | 1250000 |
| 45 | 45 | 2026-27 വെണ്ണൂർ സബ്സെന്റർ ചുറ്റുമതിൽ നിർമ്മാണം | 250000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 |
| 46 | 46 | അടുക്കളമുറ്റത്തെ കോഴി വളർത്തൽ | 489600 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 40800 | 530400 |
| 47 | 47 | 2026-27 അസിസ്റ്റന്റ് എഞ്ചിനീയർക്ക് കണ്ടിജൻസി ചിലവുകൾക്ക് തുക അനുവദിക്കൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 30000 | 0 | 0 | 30000 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 48 | 48 | 2026-27 അന്നമനട ഗ്രാമപഞ്ചായത്ത് ആയുർവേദ ആശുപത്രിക്ക് കണ്ടിജൻസി ചെലവുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 0 | 250000 |
| 49 | 49 | 2026-27 അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1400000 | 0 | 0 | 1400000 |
| 50 | 50 | 2026-27 എരയാംകുടി ഗവ ആയുർവേദ ഡിസ്പെൻസറിയിലേക്ക് കണ്ടിജൻസി ചെലവുകൾക്ക് തുക അനുവദിക്കൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 51 | 51 | 2026-27 ഗർഭിണി സുരക്ഷിത പദ്ധതി | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 52 | 53 | 2026-27 ഘടകസ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1500000 | 0 | 0 | 1500000 |
| 53 | 54 | 2026-27 അന്നമനട ഗവആയുർവേദ ആശുപത്രിയിലേക്ക് ഫർണിച്ചർ വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 300000 |
| 54 | 55 | സീനിയർ വെറ്റിനറി സർജൻ - കണ്ടിജൻസി ചിലവുകൾക്ക് തുക | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 55 | 56 | 2026-27 സബ്സെന്ററുകളുടെ പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 | 0 | 0 | 1000000 |
| 56 | 57 | 2026-27 പ്രിയദർശിനി കോൺഫറൻസ് ഹാൾ നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1500000 | 0 | 0 | 1500000 |
| 57 | 58 | 2026-27 അസിസ്റ്റന്റ് എഞ്ചിനിയർക്ക് വാഹനം വാടകക്കെടുക്കൽ | 0 | 0 | 0 | 0 | 0 | 360000 | 0 | 0 | 0 | 0 | 0 | 360000 |
| 58 | 59 | 2026-27 പൊന്നാട്ടുംതറ ആലത്തൂർ റോഡ് പുനരുദ്ധാരണം വാർഡ് 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 59 | 60 | 2026-27 വാർഡ് -1 മലയാംകുന്ന് റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 250000 |
| 60 | 61 | 2026-27 വാർഡ് 1 ചാത്തുപടി റേഷൻകട റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 250000 |
| 61 | 62 | 2026-27 വാർഡ് 2 - ആലത്തൂർ ചാത്തുപടി റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 300000 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 62 | 63 | 2026-27 വാർഡ് 2- ആലത്തൂർ ലിങ്ക് റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 63 | 64 | 2026-27 വാർഡ് 3- വെണ്ണൂർ സൌത്ത് റേഷൻകട ഇല്ലിക്കാണി കുളാവ് റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 64 | 65 | 2026-27 വാർഡ് 3- ഇല്ലിക്കാണി കുളാവ് റോഡ് ലിങ്ക് റോഡുകൾ നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 65 | 66 | 2026-27 വാർഡ് 4- അതിരക്കാട് റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 66 | 67 | 2026-27 വാർഡ് 4- മാർക്കറ്റ് ചന്തകനാൽ ലിങ്ക് റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 67 | 68 | 2026-27 വാർഡ് 5- വിവേകോദയം റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 68 | 69 | 2026-27 വാർഡ് 5 പരമൻ റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 69 | 70 | മാമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിലെയും ഉപകേന്ദ്രങ്ങളുടെയും കണ്ടിജൻസി ചെലവുകൾക്ക് തുക അനുവദിക്കൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 0 | 250000 |
| 70 | 71 | 2026-27 വാർഡ് 5 തളിയപ്പാടം റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 200000 |
| 71 | 72 | 2026-27 വാർഡ് 6 മസ്ജിദ് റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 72 | 73 | 2026-27 വാർഡ് 6 ചിരള്ളി റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 250000 |
| 73 | 74 | 2026-27 അഗതി രഹിത കേരളം | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 74 | 75 | 2026-27 ബാലസഭ | 20000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 20000 |
| 75 | 76 | 2026-27 വയോജനങ്ങൾക്ക് കട്ടിൽ | 0 | 174000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 174000 |
| 76 | 77 | 2026-27 സാംസ്കാരികം കേരളോത്സവം സംഘടിപ്പിക്കൽ | 0 | 0 | 0 | 0 | 0 | 150000 | 0 | 0 | 0 | 0 | 0 | 150000 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 77 | 78 | 2026-27 അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ -അതിദരിദ്രർക്ക് ഭക്ഷണം നൽകൽ | 288000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 288000 |
| 78 | 79 | 2026-27 ക്ഷയരോഗികൾക്ക് ഭക്ഷണകിറ്റ് നൽകൽ | 180000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 180000 |
| 79 | 80 | 2026-27 അന്നമനട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് ലാപ്പ്ടോപ്പ് വാങ്ങൽ | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 80 | 81 | 2026-27 അന്നമനട ഗ്രാമപഞ്ചായത്ത് വില്ലേജ് ഓഫീസിലേക്ക് പ്രിന്റർ വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 35000 | 0 | 0 | 35000 |
| 81 | 82 | 2026-27 അന്നമനട ഗ്രാമപഞ്ചായത്ത് ഡിജിറ്റൽ ലൈബ്രറി ഫർണിഷിംഗ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 50000 |
| 82 | 83 | 2026-27 137 നമ്പർ അംഗനവാടി ഇലക്ട്രിഫിക്കേഷൻ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 750000 | 0 | 0 | 750000 |
| 83 | 84 | 2026-27 ജിഎൽപിഎസ് സ്കൂൾ മേലഡൂർ ഒന്നാംനില ഇലക്ട്രിഫിക്കേഷൻ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2200000 | 0 | 0 | 2200000 |
| 84 | 85 | 2026-27 ആലത്തൂർ അങ്കണവാടിക്ക് സ്ഥലം വാങ്ങൽ | 0 | 0 | 2300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2300000 |
| 85 | 86 | 2026-27 സമഗ്ര നെൽകൃഷി വികസനം | 4050000 | 0 | 0 | 0 | 0 | 0 | 450000 | 450000 | 0 | 0 | 0 | 4950000 |
| 86 | 87 | 2026-27 വാർഡ് -6 തിരദേശ ലിങ്ക് റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 250000 |
| 87 | 88 | 2026-27 വാർഡ് 7- വെള്ളിലം എൻയുപിഎസ് റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 300000 |
| 88 | 89 | 2026-27 വാർഡ് -7 കനാൽ ബണ്ട് റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 300000 |
| 89 | 90 | 2026-27 വാർഡ് 8 തച്ചപ്പിള്ളി റോഡ് റീടാറിങ്ങ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 250000 |
| 90 | 91 | 2026-27 വാർഡ് -8 തത്തമത്ത് വായനശാല റോഡ് റീടാറിങ്ങ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 91 | 92 | 2026-27 വാർഡ് 8 മടയത്ത് വഹീദ് മെമ്മോറിയൽ റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 250000 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 92 | 93 | 2026-27 വാർഡ് -9 സൊമസെട്ടിപ്പടി ചെട്ടികുന്ന് എസ് എൻ ഡി പി ലിങ്ക് റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 93 | 94 | 2026-27 വാർഡ് -9 വെസ്റ്റ് കൊരട്ടി വിളക്ക ജംഗ്ഷൻ തത്തമത്ത് വെസ്റ്റ് കൊരട്ടി ലിങ്ക് റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 94 | 95 | 2026-27 വാർഡ് -10 വിളക്ക ജംഗ്ഷൻ മാന്ത്ര ലിങ്ക് റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 95 | 97 | 2026-27 വാർഡ് -10 കാർത്തികപ്പടി കനാൽ റോഡ് റീടാറിങ്ങ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 96 | 98 | 2026-27 വാർഡ് 11 പി.എച്ച്.ടി ഹോസ്പിറ്റൽ മൃഗാശുപത്രി റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 97 | 99 | 2026-27 വാർഡ് 11 എരയാംകുടി തുറ എൻ എസ് എസ് റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 98 | 101 | 2026-27 വാർഡ് 12 പണ്ടാരപ്പാടം കോളനി മാന്ത്ര കടവ് റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 99 | 102 | 2026-27 വാർഡ് 12 ശിവരാത്രി മണ്ഡപം റോഡ് തിരദേശ റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 100 | 104 | 2026-27 വാർഡ് 13 വെളിയത്ത് പറമ്പ് റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 | 0 | 1000000 |
| 101 | 105 | 2026-27 വാർഡ് 14 കപ്പേള മറ്റത്തി കടവ് റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 102 | 107 | 2026-27 വാർഡ് 14 ജ്ഞാനോദയം റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 103 | 108 | വയോജനങ്ങൾക്ക് കട്ടിൽ - ജനറൽ | 365400 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 365400 |
| 104 | 109 | 2026-27 വാർഡ് 15 പുറ്റുവത്തുശ്ശേരി വാരിയം റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 105 | 110 | 2026-27 വാർഡ് 15 അങ്കണവാടി റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 106 | 111 | 2026-27 വാർഡ് 16 റൌണ്ട് റോഡ് കുന്നംചേരി വയൽമാക്ക് കിളിയനം റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 107 | 112 | 2026-27 വാർഡ് 16 എ എ കുട്ടൻ റോഡ് എം ഒ പി റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 108 | 113 | 2026-27 വാർഡ് 17 എടയാറ്റൂർ കണ്ടകുളം റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 109 | 114 | 2026-27 വാർഡ് 17 കണ്ടകുളം പുതിയ അങ്കണവാടി റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 110 | 116 | കണ്ടിജന്റ് ചിലവുകൾ - ഐ സി ഡി എസ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 200000 |
| 111 | 117 | 2026-27 അന്നമനട ആയുർവേദ ആശുപത്രിയിലെ ലാബ് തുടർ പരിപാലനം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 300000 |
| 112 | 118 | 2026-27 വാർഡ് 18 പൈനാട്ടുകര പമ്പ് ഹൌസ് റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 113 | 119 | 2026-27 വാർഡ് 18-കിഴയൂർ ലക്ഷം കോളനി റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 114 | 120 | 2026-27 വാർഡ് 19- കളരി റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 700000 | 0 | 700000 |
| 115 | 121 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഇലക്ട്രോണിക് വീൽചെയർ വാങ്ങി നൽകൽ | 230000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 230000 |
| 116 | 122 | 2026-27 വാർഡ് 19 കിഴക്ക് ആഞ്ഞിലിപ്പാടം റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 117 | 123 | 2026-27 വാർഡ് 20- മലയാംകുന്ന് സ്നേഹഗിരി റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 118 | 124 | 2026-27 വാർഡ് 20- സെന്റ് സെബാസ്റ്റ്യൻ റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 119 | 125 | 2026-27 മാമ്പ്ര പിള്ളപ്പടി റോഡ് മുതൽ സീനായ് ആശ്രമം മുവ്വേലി റോഡ് വരെ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 | 0 | 1000000 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 120 | 126 | അംഗനവാടികളിലേക്ക് അടുക്കള ഉപകരണങ്ങൾ ഫർണിച്ചറുകൾ മറ്റു അവശ്യവസ്തുക്കളും വാങ്ങൽ | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 200000 |
| 121 | 127 | 2026-27 ലൈഫ് ജനറൽ | 7400000 | 0 | 0 | 0 | 1000000 | 0 | 1000000 | 1000000 | 0 | 0 | 600000 | 11000000 |
| 122 | 128 | 2026-27 രാജീവ് ഗാന്ധി ബസ് സ്റ്റാൻഡ് ബ്യൂട്ടിഫിക്കേഷൻ | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 100000 |
| 123 | 129 | 2026-27 കെ കരുണാകരൻ സ്മൃതിമണ്ഡപം നവീകരണം | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 124 | 130 | 2026-27 വാഴ കൃഷിക്ക് ധനസഹായം | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 125 | 131 | 2026-27 ഭവനരഹിതരില്ലാത്ത പഞ്ചായത്ത് - ഫ്ലാറ്റ് സമുച്ചയം നിർമാണം | 0 | 0 | 0 | 0 | 0 | 1000000 | 0 | 0 | 0 | 0 | 0 | 1000000 |
| 126 | 132 | 2026-27 ഊസി കിച്ചൺ അടുക്കള നവീകരണത്തിന് ധനസഹായം | 3000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3000000 |
| 127 | 133 | 2026-27 മത്സ്യത്തൊഴിലാളികൾക്ക് വഞ്ചിയും വലയും നൽകൽ | 210000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 70000 | 280000 |
| 128 | 134 | 2026-27 ജനകീയഹോട്ടലിലേക്ക് ഫർണിച്ചറും അടുക്കള ഉപകരണങ്ങളും വാങ്ങൽ | 600000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 |
| 129 | 136 | 2026-27 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങൽ | 0 | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 130 | 137 | 2026-27 വിജ്ഞാന കേരളം-വിജ്ഞാന ജോബ് സ്റ്റേഷൻ | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 100000 |
| 131 | 139 | 2026-27 ജാതി കർഷകർക്ക് ധനസഹായം | 725000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 181250 | 906250 |
| 132 | 140 | 2026-27 വനിതകൾക്ക് പച്ചക്കൃഷി സസ്യതൈവിതരണം | 225000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 225000 |
| 133 | 141 | 2026-27 ഔഷധഗ്രാമം മഞ്ഞൾ വിത്ത് വിതരണം | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 25000 | 125000 |
| 134 | 142 | 2026-27 വനിതകൾക്ക് പുഷ്പകൃഷി തൈ വിതരണം | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 25000 | 125000 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 135 | 143 | 2026-27 കൃഷി ഓഫീസിലെ കണ്ടിജൻസി ചെലവുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 200000 |
| 136 | 144 | 2026-27 വിളപരിപാലന കേന്ദ്രം | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 137 | 145 | മൃഗാശുപത്രികൾക്ക് മരുന്നുവാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 0 | 300000 |
| 138 | 146 | മാത്ര വെറ്ററിനറി ഡിസ്പെൻസറിയിലേയ്ക്ക് കമ്പ്യൂട്ടറും പ്രിന്ററും സ്കാനറും വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 | 0 | 0 | 150000 |
| 139 | 147 | 2026-27 ഫലവൃക്ഷത്തൈ വിതരണം | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 250000 |
| 140 | 148 | തെരുവ് നായ വാക്സിനേഷൻ | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 141 | 149 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 375000 | 0 | 0 | 0 | 375000 | 0 | 0 | 0 | 0 | 0 | 750000 | 1500000 |
| 142 | 150 | പെണ്ണാടു വിതരണം | 497000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 497000 | 994000 |
| 143 | 151 | അനങ്ങനടി ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രികൾക്ക് ഫർണിച്ചർ വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 | 0 | 0 | 150000 |
| | | **ആകെ** | **32100060** | **8892000** | **2300000** | **1600000** | **2875000** | **4242920** | **3800000** | **3700000** | **16735000** | **21000000** | **2864050** | **100609030** |

## അദ്ധ്യായം - 7

## പ്രത്യേക പദ്ധതികൾ / പരിപാടികൾ

### നിർബന്ധമായും വകയിരുത്തേണ്ട വിഭാഗങ്ങൾക്കുള്ള വകയിരുത്തലുകൾ

| ക്രമ നമ്പർ | നിർബന്ധമായി തുക വകയിരുത്തേണ്ട വിഭാഗത്തിന്റെ/പരിപാടിയുടെ പേര് | വകയിരുത്തേണ്ട തുക | |
|---|---|---|---|
| | | ആകെ തുക | വികസന ഫണ്ട് |
| 1 | അംഗനവാടി പോഷകാഹാര വിതരണം | 3500000 | 1500000 |
| 2 | എസ്.എസ്.എ.വിഹിതം | 900000 | 900000 |
| 3 | പാലിയേറ്റീവ് കെയർ | 1100000 | 1100000 |
| 4 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും | 2000000 | 1300000 |
| 5 | അഗതിരഹിത കേരളം | 100000 | 100000 |
| 6 | ഐ.കെ.എം. വരിസംഖ്യ നൽകൽ | 125000 | 125000 |
| 7 | പാർപ്പിട മേഖല | 18625000 | 11200000 |
| 8 | വനിത ഘടകപദ്ധതി | 3823120 | 3494000 |
| 9 | കുട്ടികൾ, ഭിന്നശേഷി | 1911560 | 2747000 |
| 10 | വയോജനക്ഷേമം, പാലിയേറ്റീവ് കെയർ | 1911560 | 1911560 |
| 11 | ലൈഫ്/ പിഎം എവൈ | 18500000 | 10075000 |

## അദ്ധ്യായം - 8

## വായ്പാ ബന്ധങ്ങൾ

സംരംഭകരായി മുന്നോട്ട് വരുന്നവർ നേരിടുന്ന വലിയ പ്രതിസന്ധിയായ മൂലധനം സംഘടിപ്പിക്കുക എന്നതിന് പരിഹാരം കണ്ടെത്തുന്നതിനായി തൃശ്ശൂർ ജില്ലാ ലീഡ് ബാങ്കിന്റെ നേതൃത്വത്തിൽ അന്നമനടയിലെ 6 ബാങ്കുകളെയും സഹകരണ സംഘങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ബാങ്കേഴസ് മീറ്റ് സംഘടിപ്പിച്ചു. സംരംഭകർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ അവരെ വിവിധ ഡിപ്പാർട്ട്മെന്റ് ആയി ബന്ധിപ്പിക്കാനും പഞ്ചായത്തിൽ Helpdesk ആരംഭിച്ചു. മുഴുവൻ സമയ Co-ordinator-നെ നിയമിച്ചു. എല്ലാ ആഴ്ചയിലും ബുധനാഴ്ച ദിവസം വ്യവസായ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ Special Officer ആയി നിയമിച്ചു. അദ്ദേഹത്തിന്റെ സേവനം ആളുകൾക്ക് ലഭിച്ചു.

കാർഷിക ഗ്രാമമായ അന്നമനടയിലെ സർക്കാർ പൊതുമേഖല സ്ഥാപനങ്ങൾ,ബാങ്കിംഗ് സ്ഥാപനങ്ങൾ, സാങ്കേതിക സർവ്വകലാശാലകൾ, ട്രെയിനിംഗ് ഏജൻസികൾ തുടങ്ങിയവയുടെ സഹകരണത്തോടെ അവർ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഏകോപിച്ചുകൊണ്ട് കൃഷി, കാർഷിക - ഭക്ഷ്യാധിഷ്ഠിത ഉൽപ്പന്നങ്ങൾ, പാൽ ഉൽപ്പന്നങ്ങൾ, കന്നുകാലി വളർത്തൽ, മത്സ്യകൃഷി, റെഡിമെയ്ഡ് ഗാർമെൻറ്സ്, ഇലട്രിക്കൽസ് & ഇലക്ട്രോണിക്സ്, മൃഗസംരക്ഷണം, കരകൌശലം, ടൂറിസം, വിവര സാങ്കേതിക വിദ്യ, പരമ്പരാഗത മേഖലകൾ സേവനം തുടങ്ങിയ മേഖലകളിൽ സുസ്ഥിരമായ വികസനം വളർച്ച ഉറപ്പാക്കികൊണ്ട് സൂക്ഷമ ചെറുകിട വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

CSR ഫണ്ട് ഉപയോഗിച്ച് പഞ്ചായത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് സഹായം സഹകരണം ലഭിക്കുന്നു

## അദ്ധ്യായം - 9

## സമഗ്ര പരിപാടികളും സംയോജന സാധ്യതകളും

പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഭാഗമായ അധികാരവികേന്ദ്രീകൃത പ്രക്രിയയിലൂടെ ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് എന്നിങ്ങനെ ത്രിതല പഞ്ചായത്തുകൾ നിലവിൽ വരുകയും അവർക്ക് ലഭിക്കുന്ന ലഭിക്കുന്ന പദ്ധതിവിഹിതം ഗ്രാമപഞ്ചായത്തുകൾ വഴി ചെലവഴിക്കുകയും ചെയ്യുന്നു. എന്നാൽ ഈ മൂന്ന് ഏജൻസികളും വികസനപ്രവർത്തനങ്ങൾ ഏകോപനം ഉണ്ടാകേണ്ടത് കുറ്റമറ്റ പദ്ധതി പ്രവർത്തനത്തിന് അത്യാന്താപേക്ഷിതമാണ്. ത്രിതല പഞ്ചായത്തുകൾ സംയുക്ത പദ്ധതികൾ ഏറ്റെടുക്കുമ്പോൾ പരസ്പരധാരണയോടെ അവ നിർവ്വഹിക്കണം. ഉദാഹരണത്തിന് പഞ്ചായത്ത് ഒരു ജലസേചന പദ്ധതിക്ക് മോട്ടാറും പമ്പുസെറ്റും വാങ്ങുമ്പോൾ ജില്ലാപഞ്ചായത്തിനോ ബ്ലോക്ക് പഞ്ചായത്തിനോ അതിന്റെ ഇൻസ്റ്റലേഷൻ പ്രവർത്തികൾ നടത്താവുന്നതാണ്. പക്ഷേ ചിട്ടയായ പ്രവർത്തിയിലൂടെ മാത്രമേ ഒരു സാമ്പത്തിക വർഷത്തിൽ തന്നെ ഇതിന്റെ പ്രവർത്തനം പൂർത്തികരണം സാധ്യമാകൂ. കൂടാതെ മൂലധനം കൂടുതൽ ആവശ്യമായ പദ്ധതികൾ ഒന്നലധികം ഗ്രാമപഞ്ചായത്തുകൾ കൂടി ചേർന്ന് നടപ്പിലാക്കാവുന്നതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് ഒരു സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ലഭിക്കാവുന്ന ഫണ്ടുകളെ പറ്റി ധാരണ ഉണ്ടാകേണ്ടതാണ്.

കാർഷിക മേഖലയിൽ ഉല്പാദനം വർദ്ധിപ്പിച്ച് പച്ചക്കറി കൃഷിയിൽ ഉല്പാദനം വർദ്ധിപ്പിക്കുകയും സ്വയം തൊഴിൽ നൽകുന്നതിന് ബാങ്കുകളിൽ നിന്നും ധനസഹായം ലഭ്യമാക്കൽ, സ്ത്രീ ശാക്തികരണത്തിന് സ്വയം സഹായസംഘങ്ങൾക്ക് പ്രചോദനം നൽകുക, യുവാക്കൾക്ക് തൊഴിൽ മേഖലയിൽ പരിശീലനം നൽകുക തുടങ്ങിയ പരിപാടികൾ ജില്ലാ ബ്ലോക്ക് പഞ്ചായത്ത്, കേന്ദ്ര സംസ്ഥാന സർക്കാരുകൾ എന്നിവരുമായി സഹകരിച്ച് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. ജലസേചന പദ്ധതികളും കുടിവെള്ളപദ്ധതികളും ഇറിഗേഷൻ, വാട്ടർ അതോറിറ്റി

തുടങ്ങിയ വകുപ്പുകളുമായി സംയോജിച്ച് നടപ്പിലാക്കാവുന്നതാണ്. പഞ്ചായത്തിന് വളരെയധികം ഗുണം ലഭിക്കുന്ന കന്നുകുട്ടി പരിപാലനം, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, അംഗൻവാടി ഫീഡിംഗ് തുടങ്ങിയ പദ്ധതികൾ ഈ വർഷത്തിൽ സംയുക്ത പ്രോജക്ടുകളായി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് നെൽകൃഷിക്ക് കൂലിചെലവിന് സബ്സിഡി, പാലിന് സബ്സിഡി, തുടങ്ങിയ പദ്ധതികൾ സംയുക്ത പ്രൊജ്കടായി ആവിഷ്കരിച്ചിട്ടുള്ളതാണ്. 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തോടനുബന്ധിച്ച് പശ്ചാത്തല മേഖലയിൽ വൻനാശ നഷ്ടം ഉണ്ടായിട്ടുള്ളതാണ് റോഡുകളുടെ മെയിൻനൻസ് വർക്കുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതാണ്.

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പ്രധാനമായും പ്രദേശത്തെ ശുചിത്വ, മാലിന്യ, കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കാറുണ്ട്. കൂടാതെ പൊതു ആവശ്യങ്ങളിൽ ചിലത് പരിഹരിക്കാനും ഇത് ഉപകരിച്ചു വരുന്നുണ്ട്. എന്നാൽ നിലവിൽ സംയോജന സാധ്യതകൾ തീരെയില്ലാത്ത ഈ ഗ്രാന്റ് ഉപയോഗിച്ച് മേഖലയിലെ ആവശ്യങ്ങൾ പ്രത്യേകം പദ്ധതികൾ നടപ്പിലാക്കി പരിഹരിക്കാൻ ശ്രമിക്കുകയാണ് പതിവ്. ഇവയ്ക്കുപുറമെ ശുചിത്വ മിഷന്റെ ഭാഗമായി ലഭ്യമാകുന്ന വിഹിതം ഉപയോഗിച്ചും മാലിന്യ ശുചിത്വ പ്രശ്ങ്ങൾക്കായുള്ള പ്രൊജെക്ടുകൾ തയ്യാറാക്കുമ്പോൾ തുക കണ്ടെത്താറുണ്ട്.. കൂടാതെ പഞ്ചായത്തിനെ ഭവനരഹിത പഞ്ചായത്ത് ആക്കുന്നതിന് സ്വകാര്യ വ്യക്തികളുടെ സഹായത്തോടെ സ്ഥലം വാങ്ങുന്നതിനും ആലത്തൂർ അങ്കണവാടിക്ക് സ്ഥലം വാങ്ങുന്നതിനും കേന്ദ്രഫണ്ട് ഉപയോഗിച്ച് സ്ഥലം വാങ്ങുന്നതിനും പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളതാണ്

## അദ്ധ്യായം - 10

## മോണിട്ടറിംഗ് സംവിധാനങ്ങൾ

ഏതൊരു വികസന പ്രവർത്തനത്തിന്റെയും വിജയം വിഭാവനം ലക്ഷ്യത്തിലേക്ക് എത്തിചേരുന്നു വിധത്തിൽ സമയബന്ധിതമായി അത് നിർവ്വഹിച്ചു എന്ന് ഉറപ്പുവരുത്തലാണ്. കുറ്റമറ്റ പദ്ധതി നിർവ്വഹണത്തിന് കുറ്റമറ്റ മോണിറ്ററിംഗ് സംവിധാനം അനിവാര്യമാണ്. പദ്ധതിയുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും വരുന്ന പാളിച്ചകൾ യഥാസമയം കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട കക്ഷികൾക്ക് നൽകി പദ്ധതികൾ അപാകത ഇല്ലാതെ പൂർത്തീകരിക്കാൻ പഞ്ചായത്ത് ഭരണസമിതിയെ സഹായിക്കുക എന്ന കടമയാണ് മോണിറ്ററിംഗ് സമിതിക്കുള്ളത്. ഓരോ വർക്കിംഗ് ഗ്രൂപ്പിന്റെ പരിധിയിൽ വരുന്ന പദ്ധതികൾ മോണിറ്ററിംഗ് ചെയ്യേണ്ടത് അതാത് വർക്കിംഗ് ഗ്രൂപ്പുകളായിരിക്കണം. പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ വിലയിരുത്തി മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്. അതിനുവേണ്ട സഹായ സഹകരണങ്ങൾ പഞ്ചായത്ത് സംഘടിപ്പിച്ച് നൽകേണ്ടതാണ്. കേവലം ഫൈനൽ പേയ്മെന്റ് ലഭിക്കുന്നതിനും ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിനും വേണ്ടി തട്ടികൂട്ടുന്ന കടലാസ് എന്നതിൽ കവിഞ്ഞ് പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായ പ്രവർത്തനം എന്ന നിലയിലേക്ക് മോണിറ്ററിംഗ് സംവിധാനം ഉയർത്തപ്പെടണം.


തരം തിരിയ്ക്കാം
വീടുകളിൽ...
കൈമാറാം
ഹരിതകർമ്മ
സേനയ്ക്ക്...
കത്തിക്കണ്ട
വലിച്ചെറിയണ്ട
പാഴ് വസ്തുക്കൾ ഇനം തിരിച്ച്
ഹരിത കർമ്മ സേനയ്ക്ക് നൽകുക
ഹരിതകർമ്മസേനയുടെ സേവനത്തിന്
തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെടുക
പ്ലാസ്റ്റിക്
പേപ്പർ
ലോഹങ്ങൾ, ഇ - വേസ്റ്റ്
ചെരുപ്പ്, ബാഗ്, തുണികൾ